# ദി ഡിഫെൻഡർ

Vol. No. 10 Issue No. 19 RNI Reg. No. 68089 / 97 Published From Perumbavoor 2007 October 1 Price: Rs.100/- P.A.


## റെജി. കെ. തോമസിന് ഭോഷ്ക്കുമിത്രാ അവാർഡ്



കള്ളം പറയുന്ന കാര്യത്തിൽ മോഷണായിയെ കടത്തിവെട്ടുന്ന ഒരാൾ ഇതാ രംഗപ്രവേശം ചെയ്തിരിക്കുന്നു. ഐ.ഇ.എം. സ്റ്റേറ്റ് ഡയറക്ടറായ റെജി കെ.തോമസാണ് ഈ വീരൻ. മോനായിയുടെ കൈയ്യിൽ നിന്നും അവാർഡ് വാങ്ങിയ ഈ ചങ്ങാതി സ്വന്തം പത്രമായ സ്നേഹനാദത്തിന്റെ സെപ്റ്റംബർ ലക്കത്തിൽ ഇപ്രകാരം എഴുതി:

''ഐ.ഇ.എം. സ്റ്റേറ്റ് ഡയറക്ടർ റെജി കെ. തോമസിന് സുഭാഷിതം അവാർഡ് ലഭിച്ചു. സെപ്റ്റംബർ 10 തിങ്കളാഴ്ച തിരുവല്ല വി.ജെ.എം. ഓഡിറ്റോറിയത്തിൽ നടന്ന സമ്മേളനത്തിൽ വച്ച് കേരള ഗവർണ്ണർ ആർ.എൽ. ഭാട്ടിയ അവാർഡ് സമ്മാനിച്ചു. റവ.സി.പി.മോനായിയുടെ അദ്ധ്യക്ഷതയിൽ കൂടിയ സമ്മേളനം കെ.പി.സി.സി. പ്രസിഡന്റ് രമേശ് ചെന്നിത്തല ഉദ്ഘാടനം ചെയ്തു.സുഭാഷിതം വാർത്താ പത്രികയിൽ വന്ന ആനുകാലിക വിഷയത്തെ സംബന്ധിച്ച ലേഖനമാണ് അവാർഡിന് അർഹമായത്. എം.കെ.മാധവൻനായർ (മനോരമ ഭാഷാപോഷിണി), ഡോ.ജോർജ് സാമുവൽ (നൂക്ലിയർ ശാസ്ത്രജ്ഞൻ), ഡോ.സി.ജെ.റോയി (മധുര കാമരാജ് യൂണിവേഴ്സിറ്റി മലയാളം വകുപ്പ് മുൻമേധാവി) എന്നിവരടങ്ങുന്ന ജൂറിയാണ് അവാർഡ് ജേതാവിനെ തെരഞ്ഞെടുത്തത്.''

ഈ വാർത്ത വായിച്ചാൽ ആകെ മൊത്തം ടോട്ടൽ ഒരാൾക്കു മാത്രമേ അവാർഡ് കിട്ടിയുള്ളൂ എന്നും അത് റെജിക്കാണെന്നും തോന്നും. പക്ഷേ ജൂറി അംഗമായ ഡോ.ജോർജ് സാമുവൽ തനിക്കുതന്നെ ഒരു അവാർഡ് പ്രഖ്യാപിച്ചെന്നും അവാർഡ് കൊടുക്കുന്ന റീമാ ഫൗണ്ടേഷന്റെ സെക്രട്ടറിയായ അഡ്വ.വർഗീസ് മാമ്മനുൾപ്പെടെ 20 ആളുകൾക്ക് അവാർഡ് നൽകിയെന്നുമുള്ള വസ്തുതകൾ റെജി മറച്ചുവയ്ക്കുന്നു. റെജി എന്ന ഏക വ്യക്തിക്ക് അവാർഡ് കൊടുക്കാനായി ഗവർണ്ണറും മറ്റും വന്നെന്നും തോന്നും. പക്ഷേ ഇതൊക്കെ ചെറിയകള്ളം. ഏറ്റവും വലിയ കള്ളം ഗവർണ്ണർ അവാർഡ് കൊടുത്തു എന്നതാണ്. അങ്ങനെയൊരു സംഭവം ഉണ്ടായിട്ടേയില്ല. ഇത്രവലിയ കള്ളം പറഞ്ഞ റെജിക്ക് ഡിഫെൻഡർ ''ഭോഷ്ക്കുമിത്രാ'' അവാർഡ് നൽകാൻ തീരുമാനിക്കയാണ്.

## സി.പി.മോനായിയുടെ പത്രം: വായനക്കാർ അഞ്ചുലക്ഷം, കോപ്പികൾ 2500



സി.പി.മോനായി പ്രസിദ്ധീകരിക്കുന്ന സുഭാഷിതം എന്ന പത്രത്തിന് അഞ്ചുലക്ഷം വായനക്കാരുണ്ടത്രേ. പറയുന്നത് മോനായിതന്നെ ആകുമ്പോൾ വിശ്വസിക്കയേ നിവൃത്തിയുള്ളൂ. (വിശ്വാസമെന്നത് ആശിക്കുന്നതിന്റെ ഉറപ്പും കാണാത്ത കാര്യങ്ങളുടെ നിശ്ചയവുമാണല്ലോ). സുഭാഷിതത്തിന്റെ ജൂലൈ 2007 ലക്കം പേജ് 15ൽ ആണ് വായനക്കാരുടെ എണ്ണം സംബന്ധിച്ചുള്ള റിപ്പോർട്ടുള്ളത്. (ആ പരസ്യം താഴെ കൊടുക്കുന്നു).

അഞ്ചുലക്ഷം വായനക്കാരുള്ള ഒരു പെന്തക്കോസ്ത് പത്രമുണ്ടെന്നുള്ളത് എന്തുകൊണ്ടും നല്ലതാണല്ലോ. (പെന്തക്കോസ്ത് പത്രമെന്ന് പറഞ്ഞത് ഐ.പി.സിയിലെ ഒരു പാസ്റ്ററായ മോനായി നടത്തുന്ന പത്രമായതുകൊണ്ടാണ്. തിരുമേനിമാർ ഉൾപ്പെടെയുള്ളവർ എഴുതുന്ന ഈ പത്രത്തിന് വിശേഷിച്ച് ഒരു ഉപദേശമില്ല). ഏതായാലും ഈ പത്രത്തിന് ഇത്രയും വായനക്കാരുണ്ടോ എന്ന് അന്വേഷിക്കാനും ഉണ്ടെങ്കിൽ അത് മാലോകരെ അറിയിക്കാനും ഡിഫെൻഡർ തീരുമാനിച്ചു.

സത്യം കണ്ടെത്താൻ വലിയ ബുദ്ധിമുട്ടുണ്ടായില്ല. മോനായിയുടെ പത്രത്തിന് യഥാർത്ഥത്തിൽ വെറും 2500 കോപ്പികൾ മാത്രമാണുള്ളത്. അതാണ് മോനായി അഞ്ചുലക്ഷമായി വർദ്ധിപ്പിച്ചത്. പരസ്യം നൽകുന്നവരെ കബളിപ്പിക്കാനാണ് മോനായി ഇങ്ങനെ പച്ചക്കള്ളം പറയുന്നതെന്ന് വ്യക്തം.

പരസ്യത്തിന്റെ നിരക്ക് ഇതേലക്കത്തിന്റെ രണ്ടാം പേജിലുണ്ട്. ഒരുപേജ്-10,000 രൂപ. അരപ്പേജ്- 5000 രൂപ. 16 പേജുള്ള പത്രത്തിന്റെ 2500 കോപ്പി അച്ചടിക്കാൻ ഏകദേശം 5,000 രൂപ മതിയാകും. അരപ്പേജ് പരസ്യം കിട്ടിയാൽ മുടക്കുമുതലായി. ബാക്കിയുള്ളത് ലാഭം. (ഇത്ര തൊലിക്കട്ടിയുള്ള മോനായിക്ക് തൊലിശ്രീ അവാർഡ് കൊടുക്കാൻ താമസിച്ചുപോയതിൽ ഡിഫെൻഡറിന് ഖേദമുണ്ട്.)

അഞ്ഞൂറോ ആയിരമോ കോപ്പികൾ മാത്രം അച്ചടിക്കുന്ന നിരവധി പത്രമാസികകൾ പെന്തക്കോസ്തിലുണ്ട്. പക്ഷേ അവരാരും ഇത്രവലിയ കള്ളം പറഞ്ഞ് ജനവഞ്ചന നടത്താറില്ല. പക്ഷേ ഐ.പി.സിയിലെ ഒരു പാസ്റ്ററെന്ന നിലയ്ക്ക് ഭോഷ്ക്കു പറയാതിരിക്കാൻ ബാദ്ധ്യതയുള്ള മോനായി ഇങ്ങനെ നട്ടാൽ കുരുക്കാത്ത കള്ളം പറയുന്നത് പെന്തക്കോസ്തിന്റെ മൂല്യച്യുതിയിലേക്കാണ് വിരൽ ചൂണ്ടുന്നത്. പണമുണ്ടാക്കാനായി എന്തു ഹീനമാർഗ്ഗവും സ്വീകരിക്കാൻ പെന്തക്കോസ്ത് പാസ്റ്റർമാർക്ക് മടിയില്ലാതായിരിക്കുന്നു.

പത്രപ്രവർത്തകർ പാലിക്കേണ്ട ചില മര്യാദകളുണ്ട്. തങ്ങളുടെ സർക്കുലേഷൻ എത്രയെന്ന് പൊതുജനങ്ങളെ അറിയിക്കണമെന്ന് നിയമമില്ല. പക്ഷേ പറയുന്നത് സത്യമായിരിക്കണം. അല്പം അതിശയോക്തിപോലും അനുവദനീയമാണ്. പക്ഷേ കേവലം 2500 കോപ്പികൾ മാത്രമുള്ള പത്രത്തിന് അഞ്ചുലക്ഷത്തിൽപ്പരം വായനക്കാരുണ്ടെന്നു പറയുന്നത് സാക്ഷാൽ ചെകുത്താനേപ്പോലും നാണിപ്പിക്കുന്ന കള്ളമാണ്. ഇതു പറയുന്നത് ഒരു പാസ്റ്ററാണെന്നത് പ്രശ്നത്തിന്റെ ഗൗരവം വർദ്ധിപ്പിക്കുന്നു.

(സുഭാഷിതത്തിന് 2500 കോപ്പികൾ മാത്രമേയുള്ളൂ എന്ന് ഡിഫെൻഡർ പറയുന്നത് കള്ളമാണെങ്കിൽ മോനായി ദയവായി ഡിഫെൻഡറിനെതിരെ മാനനഷ്ട ക്കേസ്സ് കൊടുക്കുക.)

മോനായി സുഭാഷിതത്തിൽ കൊടുത്ത പരസ്യം




## എൻ.ജി.സാംകുട്ടി കള്ളന് കഞ്ഞിവച്ചു



സാക്ഷാൽ ചർച്ച് ഓഫ് ഗോഡിൽ നിന്നും പിണങ്ങിപ്പിരിച്ച് എറണാകുളം പാലാരിവട്ടത്ത് സ്വന്തം ചർച്ച് ഓഫ് ഗോഡ് ഉണ്ടാക്കിയ എൻ.ജി. സാംകുട്ടി കഴിഞ്ഞയാഴ്ച കള്ളനു കഞ്ഞിവെച്ചു. ലീ മെറിഡിയൻ ഹോട്ടലിൽ ആന്റണി വാൾട്ടോ എന്ന ഇന്റർനാഷണൽ കള്ളൻ സംഘടിപ്പിച്ച കലാപരിപാടിക്ക് നേതൃത്വം കൊടുത്തത് സാംകുട്ടിയാണ്.

കടുത്ത ദ്രവ്യാഗ്രഹിയും അധികാരമോഹിയുമാണ് സാംകുട്ടി. ചർച്ച് ഓഫ് ഗോഡിൽ പിളർപ്പുണ്ടാക്കി സ്വന്തം സഭയുണ്ടാക്കിയതും ഈ കാരണത്താലത്രേ. പണമുണ്ടാക്കാനായി സാംകുട്ടി ഗൾഫ് രാജ്യങ്ങളിൽ കാട്ടിക്കൂട്ടിയിട്ടുള്ള വൃത്തികേടുകൾ ഏറെയാണ്. എങ്കിലും ആന്റണി വാൾട്ടോയേപ്പോലൊരു കള്ളന് കഞ്ഞിവയ്ക്കുന്ന നിലവാരത്തിലേക്ക് ഇയാൾ താഴുമെന്ന് കരുതിയിരുന്നില്ല. വാൾട്ടോയുടെ മീറ്റിംഗിൽ സ്തോത്രക്കാഴ്ചയെടുത്തത് സാംകുട്ടിയുടെസഭയിൽ സ്തോത്രക്കാഴ്ചയെടുക്കുന്ന പാത്രത്തിലാണെന്നതും ശ്രദ്ധേയമാണ്.

വാൾട്ടോ ദൈവദാസനാണെന്ന് തെറ്റിദ്ധരിച്ച് സാംകുട്ടി ഈ പരിപാടിയിൽ പങ്കെടുത്തതാണെന്ന് പറയാനും പറ്റാത്ത സ്ഥിതിയാണുള്ളത്. കാരണം, വാൾട്ടോയെ സാംകുട്ടിക്ക് നന്നായറിയാം. വാൾട്ടോ നടത്തിയിട്ടുള്ള തട്ടിപ്പുകൾ എറണാകുളത്തുള്ള മറ്റാരേക്കാളും നന്നായി അറിയാവുന്ന സാംകുട്ടി എല്ലാം അറിഞ്ഞുകൊണ്ടാണ് ഈ പെരുങ്കള്ളനുമായി സഹകരിച്ചത്.

പരിപാടി നടക്കുന്നത് ലീ മെറിഡിയനിലായതുകൊണ്ട് വലിയ പണക്കാരൊക്കെ വരുമെന്നും അവരുടെമുൻപിൽ ഷൈൻ ചെയ്യാമെന്നും അതിലൂടെ പണമുണ്ടാക്കാനുള്ള പുതിയ വഴികൾ തുറന്നുകിട്ടുമെന്നും മറ്റുമായിരുന്നു സാംകുട്ടിയുടെ പ്രതീക്ഷ. പക്ഷേ ഇതൊന്നും നടന്നില്ല. വളരെ കുറച്ച് ആളുകൾ മാത്രമേ പരിപാടിക്കെത്തിയുള്ളൂ. പണക്കാരെന്നു പറയാവുന്ന ആരും വന്നുമില്ല. പരിപാടി വലിയ പരാജയവുമായിരുന്നു. അങ്ങനെ, സാംകുട്ടി വെറുതെ നാണംകെട്ടു എന്നു പറഞ്ഞാൽ മതിയല്ലോ.

## –100 പ്രസംഗങ്ങൾ– എഡിറ്റിംഗ് പൂർത്തിയായി

പുതിയനിയമത്തിൽ നിന്ന് ടി.എസ്.ബാലൻ തയ്യാറാക്കി വരുന്ന 100 പ്രസംഗങ്ങളുടെ റിക്കാഡിംഗ്, എഡിറ്റിംഗ് എന്നിവ പൂർത്തിയായി. എല്ലാ പ്രസംഗങ്ങളും ഒരുവട്ടംകൂടി കേട്ട് തെറ്റുകൾ ഇല്ലെന്ന് ഉറപ്പാക്കുന്ന ജോലി മാത്രമാണ് അവശേഷിക്കുന്നത്. പത്തു ദിവസം കൊണ്ട് അതും പൂർത്തിയാകും.

പ്രഭാതധ്യാനത്തിന്റെ റിക്കാഡിംഗ് ഉടൻ ആരംഭിക്കുന്നതാണ്. ഡിസംബർ 15ന് ഈ സി.ഡികൾ വിതരണത്തിന് തയ്യാറാകും. മുഖവില 1200 രൂപ. ഇപ്പോൾ പണമടച്ച് ബുക്ക് ചെയ്യുന്നവർ പ്രീപബ്ലിക്കേഷൻ നിരക്കായ 850 രൂപ മാത്രം നൽകിയാൽ മതിയാകും.

കൂടുതൽ വിവരങ്ങൾക്ക്:

**റ്റി.എസ്.ബാലൻ, ആനന്ദ് ഭവൻ,**
**കെ.എസ്.ആർ.റ്റി.സിക്ക് സമീപം,**
**പെരുമ്പാവൂർ പി.ഒ., എറണാകുളം. പിൻ. 683 542**
**Ph: 0484-3232356, Mob: 9447414608**

ദി ഡിഫെൻഡർ

Vol. No.10 Issue No. 19 2007 October 1

# മയങ്ങുന്ന മാദ്ധ്യമങ്ങൾ

പെന്തക്കോസ്തിൽ പത്രമാസികകൾക്ക് പഞ്ഞമില്ല. ഗുഡ്ന്യൂസ് എന്ന വാരിക മുതൽ വല്ലപ്പോഴും ഇറക്കുന്ന മാസികകൾ വരെയുണ്ട്. പക്ഷേ മിക്കവയും നപുംസകങ്ങളാണെന്ന് പറയാതെവയ്യ. ഗുണമോ ദോഷമോ ഉണ്ടാക്കാൻ ഇവയ്ക്കൊന്നും കഴിവില്ല.

പെന്തക്കോസ്തിലെ പത്രമുത്തശ്ശിയാണ് ഗുഡ്ന്യൂസ്. (മുത്തശ്ശി എന്ന് പറയാമോ? വയസ്സ് മുപ്പതിൽ താഴെയാണ്). പെന്തക്കോസ്തിൽ ഏറ്റവും സ്വാധീനമുള്ള പത്രവും ഗുഡ്ന്യൂസ് തന്നെ. ഗുഡ്ന്യൂസിന് വെല്ലുവിളി ഉയർത്തിക്കൊണ്ട് കടന്നുവന്ന മലബാർ ഗോസ്പൽ മെസഞ്ചർ കാലയവനികയ്ക്കുള്ളിൽ മറഞ്ഞു. പിന്നെയുള്ളത് ദ്വൈവാരികകളാണ്. ഇവയിൽ ഏതിനാണ് ഏറ്റവും പ്രചാരമുള്ളതെന്ന് അറിഞ്ഞുകൂടാ. (ഏറ്റവും അധികം കോലാഹലമുണ്ടാക്കുന്നത് ഡിഫെൻഡറാണെന്ന് തീർച്ച). മാസത്തിൽ ഒന്ന് എന്ന ക്രമത്തിന് പ്രസിദ്ധീകരിക്കുന്ന പത്രങ്ങളുമുണ്ട്. ഇവ കൂടാതെ കുറെയേറെ മാസികകളുമുണ്ട്. എന്നിട്ടും വിശ്വാസസത്യങ്ങളുടെ സംരക്ഷണത്തിനായി പോരാടാൻ ഡിഫെൻഡർ മാത്രമേയുള്ളൂ എന്നത് ദു:ഖകരമാണ്.

പാപത്തിനെതിരെ പോരാടേണ്ടതിന്റെ ആവശ്യകത ഊന്നിപ്പറഞ്ഞുകൊണ്ട് ഗുഡ്ന്യൂസ് ഈയിടെ മുഖപ്രസംഗം എഴുതി എന്നത് ശ്രദ്ധേയമാണ്. ഭംഗിവാക്ക് എന്നതിലുപരി എന്തെങ്കിലും ഗുഡ്ന്യൂസിന്റെ ഭാഗത്തുനിന്നുണ്ടായാൽ അത് പെന്തക്കോസ്തിൽ മാറ്റങ്ങൾക്ക് വഴിവയ്ക്കും. പക്ഷേ കഴിഞ്ഞ കാലങ്ങളിലെ അനുഭവം വച്ച് വിലയിരുത്തിയാൽ അത് ഏട്ടിലെ പശുവായി അവശേഷിക്കാനാണ് സാദ്ധ്യത.

വിമർശിക്കുന്നത് മഹാപാപമാണ് എന്നത്രേ മിക്കവരും ധരിച്ചുവെച്ചിരിക്കുന്നത്. യോഹന്നാൻ സ്നാപകനും കർത്താവായ യേശുക്രിസ്തുവും തിൻമകൾക്കെതിരെ ഏതുവിധത്തിലാണ് പ്രതികരിച്ചതെന്ന് പരിശോധിക്കാൻ ഇവരാരും തയ്യാറാകുന്നില്ല. വിമർശിക്കുന്നത് പാപമാണെങ്കിൽ കർത്താവായ യേശുക്രിസ്തുവാണ് ആ പാപികളിൽ ഒന്നാമൻ.

കൺവെൻഷൻ വാർത്തകളും നേതാക്കൻമാരുടെ വീരകൃത്യങ്ങളും മാലോകരെ അറിയിക്കയാണ് പെന്തക്കോസ്ത് പത്രങ്ങളുടെ ധർമ്മമെന്ന ധാരണ മാറ്റേണ്ടകാലം അതിക്രമിച്ചിരിക്കുന്നു. പെന്തക്കോസ്തിലെ ദുരുപദേശങ്ങൾക്കും ദുർന്നടപടികൾക്കും എതിരേ പ്രതികരിക്കാൻ പത്രങ്ങൾ തയ്യാറാകണം. ഡിഫെൻഡർ ഉപയോഗിക്കുന്ന ഭാഷ മോശമാണെന്നു കരുതുന്നവർ കഴിയുന്നത്ര നല്ല ഭാഷ ഉപയോഗിച്ചുകൊള്ളൂ. പക്ഷേ പത്രധർമ്മം മറന്നുള്ള പോക്ക് അവസാനിപ്പിക്കണം. സത്യത്തെ കറൻസികൊണ്ട് മൂടരുത്. പെന്തക്കോസ്ത് പത്രങ്ങൾ നപുംസകങ്ങളാകരുതെന്ന് ചുരുക്കം.

# സത്യം സത്യമായി

ഇടതുഭരണം അസ്സലാക്കുന്നുണ്ടെന്ന് സമ്മതിക്കാതെ വയ്യ. രാജു നാരായണസ്വാമിയെ സ്ഥലം മാറ്റിയത് ഏറ്റവും ഒടുവിലത്തെ ഉദാഹരണം. ഇദ്ദേഹത്തിനെതിരെ പരാതികളുണ്ടത്രേ. ഉണ്ടാകുമല്ലോ. മുഖപക്ഷമില്ലാതെ നടപടിയെടുക്കുമ്പോൾ പരാതിയുണ്ടാകും. പരാതിപ്പെട്ടത് പരിശുദ്ധ ജോസഫ് മാർ എത്തിപ്പിടിക്കൽ തിരുമേനിയാണെന്നും അറിയാം. ഇത്തരക്കാർ പരാതി പറഞ്ഞാലുടൻ നടപടിയെടുക്കുന്ന സ്ഥിതിയാണ് ഇപ്പോഴുള്ളത്. കേരളത്തിൽ ഇത്ര കഴിവുകെട്ട ഒരു മുഖ്യമന്ത്രി ഇതിനുമുൻപ് ഉണ്ടായിട്ടുണ്ടോ എന്ന് സംശയമാണ്. ഏതായാലും അടുത്ത തെരഞ്ഞെടുപ്പിൽ ഇടതുപക്ഷം പച്ചതപ്പുകയില്ലെന്ന് തീർച്ച.

രാജു നാരായണസ്വാമിയേക്കാൾ ബലവാനായ ഒരാൾ ഇടുക്കി കലക്ടറായി വേണമെന്നതുകൊണ്ടാണ് അദ്ദേഹത്തെ സ്ഥലം മാറ്റുന്നതെന്ന് മുഖ്യമന്ത്രി. ഇടുക്കിയിലെ കലക്ടറുടെ പ്രധാനപണി ഗുസ്തിയാണെന്നു തോന്നുന്നു. അതുകൊണ്ടായിരിക്കുമല്ലോ ബലം വേണ്ടിവന്നത്. ഏതാനും മാസം മുൻപ് നാരായണസ്വാമിയെ അവിടെ നിയമിക്കുമ്പോൾ ബലം പരിഗണിക്കാതിരുന്നത് മോശമായിപ്പോയി.

രണ്ടാം ഭൂപരിഷ്ക്കരണം എവിടംവരെയായി സഖാക്കളേ എന്ന് ചോദിച്ചാൽ നിരുനക്കരെ വരെ ആയി എന്നല്ലാതെ ഒരു മറുപടിയും കിട്ടുകയില്ല. പാർട്ടിയാപ്പീസുകൾ പൊളിക്കാതെയും ഉന്നതരുടെ വസ്തുവകകളിൽ തൊടാതെയും പരിഷ്ക്കരണം നടത്തിയിരുന്നെങ്കിൽ പരിപാടി ഇപ്പോഴും തുടരുമായിരുന്നു. എതിർ ചേരിയിലുള്ളവരുടെ കൂര പൊളിക്കുക എന്നതാണല്ലോ പരിഷ്ക്കരണം. ഏതായാലും കുറെ ഭാഗ്യദോഷികളുടെ കെട്ടിടങ്ങൾ തകർന്നു.

ജോസഫ് ഗ്രൂപ്പിന്റെ മന്ത്രി ഒക്ടോബർ നാലിന് സത്യപ്രതിജ്ഞ ചെയ്യുമത്രേ. ആരാണ് മന്ത്രി എന്ന് ഈ കുറിപ്പ് എഴുതുന്ന സമയത്തും അറിവായിട്ടില്ല. ജോസഫ് തന്നെ മന്ത്രിയാകുമെന്നാണ് കേൾക്കുന്നത്. ഇന്നത്തെ ഇടതുമുന്നണിക്ക് ജോസഫിനോളം നല്ല ഒരു മന്ത്രിയെ കിട്ടില്ലെന്ന കാര്യത്തിൽ സംശയമില്ല. മാത്രമല്ല, മറ്റാരെയെങ്കിലും മന്ത്രിയാക്കിയാൽ പണ്ട് മാണിക്കു പകരം ജോസഫിനെ മന്ത്രിയാക്കിയതുപോലെയാകില്ലെന്ന് പറയാനുമാവില്ലല്ലോ. കേരളാ കോൺഗ്രസ്സിന്റെ പാരമ്പര്യം ഇങ്ങനെയാണ്.

കേരളത്തിൽ റോഡുണ്ടോ എന്ന് കോടതിക്ക് സംശയം. അതിൽ സംശയിക്കാനെന്തിരിക്കുന്നു, യുവർ ഓണർ. കേരളത്തിൽ ഇപ്പോൾ റോഡില്ല തോടേയുള്ളൂ. അത് ധനമന്ത്രിയും മുഖ്യമന്ത്രിയും സമ്മതിച്ച കാര്യമാണ്. മഴ അവസാനിച്ചുകഴിഞ്ഞ് റോഡുകൾ നന്നാക്കുമെന്ന് ഇവർ പറയുന്നതിന്റെ ഗുട്ടൻസ് ഇതാണ്. മഴ അവസാനിച്ച് വെള്ളം ഇറങ്ങിക്കഴിയുമ്പോൾ റോഡ് എവിടെയൊക്കെയാണ് ഉണ്ടായിരുന്നതെന്ന് കണ്ടുപിടിക്കാൻ കഴിയും. അതുകഴിഞ്ഞ് റോഡുകൾ നന്നാക്കും. അതിനുമുൻപ് കോടതി ഇങ്ങനെ ധൃതിവെച്ചാലോ.

മുഖ്യമന്ത്രി മറ്റൊരു മന്ത്രിയെ പോഴനെന്നു വിളിച്ചത് ഒട്ടും ശരിയായില്ലെന്നു പറയാതെ വയ്യ. ആ മന്ത്രി അത്ര പോഴനൊന്നുമല്ലെന്ന് തെളിഞ്ഞിരിക്കയല്ലേ. മന്ത്രിക്കസേര നഷ്ടപ്പെടുത്താതിരിക്കാനുള്ള ബുദ്ധി അങ്ങേർക്കുണ്ടെന്ന് തെളിഞ്ഞല്ലോ. ഈ ബുദ്ധി ജോസഫിനും കുരുവിളയ്ക്കും ഇല്ലാതെപോയി. ആരേയെങ്കിലും പോഴനെന്നു വിളിച്ചേമതിയാകൂ എന്ന് നിർബ്ബന്ധമാണെങ്കിൽ ഇവരെ രണ്ടുപേരേയും പോഴദ്വയം എന്ന് വിളിക്കുക.

നീലൻ മായാവതിയുടെ പാർട്ടിയിൽ ചേർന്നിരിക്കുന്നു. അടുത്ത തെരഞ്ഞെടുപ്പിൽ ബഹുജൻ സമാജ് പാർട്ടി കേരളത്തിൽ അധികാരത്തിലെത്തുമെന്ന് തീർച്ച. ഈ ബുദ്ധി നീലന് അല്പംകൂടി നേരത്തെ തോന്നിയില്ലല്ലോ. ജോസഫിനും പി.ജെ. കുര്യനും കൂടി ആ പാർട്ടിയിൽ അംഗത്വം കിട്ടുമോ നീലാ?

ഏതാനും മാസം മുൻപ് വേൾഡ് കപ്പ് കഴിഞ്ഞ് ഇന്ത്യൻ ക്രിക്കറ്റ് ടീം തലയിൽ മുണ്ടുമിട്ട് വിമാനത്താവളത്തിൽ വന്നിറങ്ങിയ ചിത്രം മനസ്സിൽ നിന്ന് മായാറായിട്ടില്ല. ഇപ്പോഴിതാ തുറന്ന ബസ്സിൽ അവരെ സ്വീകരിച്ചാനയിക്കുന്നു. അടുത്തതവണ വീണ്ടും തോറ്റിട്ടുവരുമ്പോൾ സ്വീകരിക്കാൻ അടച്ചുറപ്പുള്ള ഒരു ബസ്സ് ഇപ്പോഴേ കരുതിവെയ്ക്കുന്നത് നന്ന്.

കെ.സി.ജോണിന്റെ ഷഷ്ടിപൂർത്തി വിപുലമായ പരിപാടികളോടെ ആഘോഷിച്ചതായി കേട്ടു. നല്ലത്. എല്ലാ പെന്തക്കോസ്ത് നേതാക്കൻമാരും ഇത് മാതൃകയാക്കണം. അൻപതു തികയുമ്പോൾ ഫിഫ്റ്റിപൂർത്തി. അറുപതിന് ഷഷ്ടിപൂർത്തി. എഴുപതാകുമ്പോൾ സപ്തതി. പിന്നെ ശതാഭിഷേകം. അങ്ങനെ ഓരോ കടമ്പ കടക്കുമ്പോഴും ആഘോഷം വേണം. സുവിശേഷഘോഷണത്തിനെന്നു പറഞ്ഞ് അമേരിക്കയിൽ നിന്നും പിരിച്ചെടുക്കുന്ന പണം ചെലവഴിക്കാൻ എന്തെങ്കിലുമൊക്കെ കാരണം വേണമല്ലോ. (നായര് നശിച്ചാൽ ചായക്കട തുടങ്ങും. മാപ്പിള പിഴച്ചാൽ കമ്യൂണിസ്റ്റാകും. പെന്തക്കോസ്തുകാരൻ പിഴച്ചാൽ ഷഷ്ടിപൂർത്തിയാഘോഷിക്കും).

**ഡിഫെൻഡർ പി.ഡി.എഫ് ഫോർമാറ്റിൽ ഇന്റർനെറ്റിൽ ലഭ്യമാണ്.**

*Please Visit:*

**www.tsbalan.com**

**thetruth.in/defender**

**For more Details: tsbalan@yahoo.com**

# ട്രസ്റ്റുകളും സൊസൈറ്റികളും ഉണ്ടാക്കുന്നതെങ്ങനെ?

അനാഥശാലകൾ, വൃദ്ധസദനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആരാധനാലയങ്ങൾ, മതസ്ഥാപനങ്ങൾ തുടങ്ങിയവ സ്ഥാപിക്കുവാനും നടത്തുവാനും ആഗ്രഹമുള്ളവർ നിരവധിയാണ്. പക്ഷേ, അതിനാവശ്യമായ ചാരിറ്റബിൾ സൊസൈറ്റികളും ട്രസ്റ്റുകളും എങ്ങനെയാണ് രജിസ്റ്റർ ചെയ്യേണ്ടതെന്ന് മിക്കവർക്കും അറിഞ്ഞുകൂടാ. ഈ രംഗത്ത് ഡിഫെൻഡർ നിങ്ങളെ സഹായിക്കാം.

ഞങ്ങൾ നൽകുന്ന സേവനങ്ങൾ:

ചാരിറ്റബിൾ സൊസൈറ്റികളും ട്രസ്റ്റുകളും സ്ഥാപിക്കാൻ ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നു.

സ്ഥാപനം രജിസ്റ്റർ ചെയ്യാൻ വേണ്ട നിയമാവലിയും മറ്റും ഉണ്ടാക്കുന്നു.

ആദായ നികുതി ഇളവുകളും മറ്റും ലഭിക്കാൻ ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നു.

കൂടുതൽ വിവരങ്ങൾക്ക്

ഡിഫെൻഡർ ഓഫീസുമായി ബന്ധപ്പെടുക.

ഫോൺ: 0484-3232356, 9447414608

വാർഷിക വരിസംഖ്യ

ഇന്ത്യയിൽ: 100 രൂപ

ആയുഷ്ക്കാല വരിസംഖ്യ - 1000 രൂപ

ഗൾഫ് രാജ്യങ്ങൾ: 800 രൂപ

അമേരിക്ക: 30 ഡോളർ

വിലാസം:

റ്റി.എസ്.ബാലൻ, ദി ഡിഫെൻഡർ,

കെ.എസ്.ആർ.റ്റി.സിക്ക് സമീപം,

പെരുമ്പാവൂർ പി.ഒ., പിൻ - 683542.

# ബ്ലഡ് ബാങ്കിന്റെ മറവിൽ പണം തട്ടാൻ ശ്രമം

ബ്ലഡ് ബാങ്കിന്റെ പേരുപറഞ്ഞ് പണം തട്ടാൻ ശ്രമം നടക്കുന്നു. കോട്ടയത്തുള്ള തോമസ്കുട്ടി (ഈശോ) എന്ന ആളാണ് തട്ടിപ്പുമായി പെന്തക്കോസ്ത് സഭകളിൽ കയറിയിറങ്ങുന്നത്. കോട്ടയത്ത് കല്പക സൂപ്പർ മാർക്കറ്റിനു സമീപം പ്രവർത്തിക്കുന്ന വേൾഡ് ബ്ലഡ് ബാങ്കിന്റെ ഔദ്യോഗിക ഭാരവാഹിയാണെന്ന് പരിചയപ്പെടുത്തിയാണ് തോമസ്കുട്ടി തട്ടിപ്പു നടത്തുന്നത്.

വേൾഡ് ബ്ലഡ് ബാങ്കുമായി തോമസ്കുട്ടിക്ക് ഒരു ബന്ധവുമില്ല. രണ്ടോമൂന്നോവട്ടം ഇയാൾ ഈ സ്ഥാപനത്തിലെത്തി ബ്രോഷറുകളും മറ്റും വാങ്ങിക്കൊണ്ടുപോയിട്ടുണ്ട്. രക്തദാനത്തിനായി ആളുകളെ പ്രേരിപ്പിക്കാനാണ് ഇവ കൊണ്ടുപോകുന്നതെന്നത്രേ പറഞ്ഞത്. പക്ഷേ ഈ ബ്രോഷറുകൾ ഉപയോഗിച്ച് ഇയാൾ പണപ്പിരിവ് നടത്തുകയാണ് ചെയ്തുവരുന്നത്.

വേൾഡ് ബ്ലഡ് ബാങ്കിന്റെ ഔദ്യോഗിക ഭാരവാഹിയാണ് താൻ എന്ന് തോമസ്കുട്ടി സ്വയം പരിചയപ്പെടുത്തും. രക്തദാനത്തിന്റെ മഹത്വം വർണ്ണിക്കും. ഈ സംരംഭത്തെ സഹായിക്കണമെന്ന് അപേക്ഷിക്കും. വിശ്വാസ്യതയ്ക്കായി ബ്രോഷറുംമറ്റും കാണിക്കും. അതോടെ മിക്കവരും വിശ്വസിക്കും. വളരെ നല്ല പ്രവർത്തനമാണല്ലോ എന്നുകരുതി സംഭാവന നൽകും.

ഇതോടൊപ്പം സുവിശേഷ പ്രവർത്തനവുമുണ്ട് തോമസ്കുട്ടിക്ക്. കോട്ടയം-വെള്ളൂരുള്ള ഒരു സഭയിലെ അംഗമാണെന്ന് പരിചയപ്പെടുത്തുന്ന തോമസ്കുട്ടി മിക്കനേതാക്കൻമാരുടേയും അടുത്ത സുഹൃത്താണെന്നും പറയും. കുംഭമേളയും മറ്റും നടക്കുന്നിടത്ത് ബൈബിൾ വിതരണം നടത്തുകയാണത്രേ മുഖ്യപരിപാടി. അമൃതാനന്ദമയിയുടെ സഹോദരി ഇയാളുടെ പ്രവർത്തനത്തിലൂടെ രക്ഷിക്കപ്പെട്ടെന്നുവരെ പറയും. ഒന്നാംതരം ഒരു കള്ളനാണ് തോമസ്കുട്ടി. ഇയാൾ നിങ്ങളുടെ സഭയിലോ വീട്ടിലോ എത്തിയാൽ ഡിഫെൻഡർ ഓഫീസിൽ വിവരം അറിയിക്കുക.

# അവറാച്ചൻ ഡൽഹിയിൽ

ജനപ്രിയ പ്രസംഗകനായ കെ.എ.ഏബ്രഹാം ഡൽഹിയിലെത്തിയിരിക്കുന്നു. ടീം സഹിതമാണ് ലാന്റ് ചെയ്തിരിക്കുന്നത്. മഴക്കാലം കഴിഞ്ഞിട്ടില്ലാത്തതിനാൽ കേരളത്തിൽ കാര്യമായ പണിയൊന്നുമില്ല. അതുകൊണ്ട് വടക്കേഇന്ത്യൻ പര്യടനത്തിലൂടെ നാലുപുത്തൻ ഉണ്ടാക്കാനുള്ള ശ്രമത്തിലാണ് അവറാച്ചൻ.

എല്ലാം വർഷവും ഈ ചങ്ങാതി ഇങ്ങനെ വടക്കേ ഇന്ത്യൻ പര്യടനം നടത്തും. ടീം അംഗങ്ങൾക്ക് അഷ്ടിക്കു വകയുണ്ടാക്കുകയാണ് ലക്ഷ്യമെങ്കിലും പുറത്തു പറയുന്നത് അതല്ല. പരിശുദ്ധമായ സുവിശേഷവേല ഒന്നുമാത്രമാണ് ലക്ഷ്യമത്രേ. താമസിക്കാനുള്ള സൗകര്യവും ഭക്ഷണവും കൊടുത്താൽ മതിയെന്നു പറഞ്ഞാണ് പാസ്റ്റർമാരെ സമീപിക്കുന്നത്. ഏതാനും ദിവസം പരിപാടി നടത്തും. യാത്രപറയുമ്പോൾ നല്ലൊരുതുക കൈമടക്കായി കിട്ടുകയും ചെയ്യും. കേരളത്തിൽ കൺവെൻഷൻ സീസൺ ആരംഭിക്കുന്നതുവരെ ഈ പരിപാടി തുടരും.

ഇത്തവണത്തെ ഡൽഹി യാത്രയിൽ അവറാച്ചൻ ചെറിയതോതിൽ ഒരു ബുദ്ധിമുട്ട് അനുഭവിക്കുന്നുണ്ട്. ഈ ചങ്ങാതിയുടെ അളിയനും കുപ്രസിദ്ധ സോരോമൃനുമായ മത്തായിക്കുട്ടി ഡൽഹിയിൽ ചെന്ന് ചില വിക്രിയകൾ കാണിച്ചിട്ട് ആഴ്ചകളേ ആയുള്ളു. ഡിഫെൻഡറിലൂടെ ഈ സംഭവം മാലോകർ അറിയുകയും ചെയ്തു. അതുകൊണ്ട് മത്തായിക്കുട്ടിയേക്കുറിച്ച് കെ.എ.ഏബ്രഹാമിനോട് പലരും ചോദിക്കുന്നു. ഡിഫെൻഡർ ഇതൊക്കെ വെറുതെ പറയുകയാണെന്നു പറഞ്ഞ് തടിതപ്പാൻ കെ.എ.ഏബ്രഹാം ശ്രമിക്കുന്നുണ്ടെങ്കിലും ഈ മറുപടി മിക്കവരേയും തൃപ്തിപ്പെടുത്തുന്നില്ല. അതുകൊണ്ട്, മത്തായിക്കുട്ടിയുമായി തന്റെ അളിയനാണെങ്കിലും താൻ അയാളോട് സംസാരിക്കാറുപോലുമില്ലെന്നു പറഞ്ഞ് പ്രശ്നം അവസാനിപ്പിക്കയാണ് ഇപ്പോൾ ചെയ്യുന്നത്.

## കെ.സിക്കെന്താ ലോഡ്ജിൽ കാര്യം?

കെ.സി.ജോണിനെന്താ ലോഡ്ജിൽ കാര്യം? കാര്യമൊന്നുമില്ലെന്ന് പറയാൻ വരട്ടെ: ഈ ചങ്ങാതിയെ അടുത്ത കാലത്ത് ലോഡ്ജിംഗ് സൗകര്യമുള്ള ഒരു ഹോട്ടലിൽ കണ്ടു. ചവറിന്റെ ഓഫീസിൽ ജോലിചെയ്യുന്ന ഒരു പെണ്ണും ഒപ്പമുണ്ടായിരുന്നു. അപ്പോൾ എന്തോ കാര്യമുണ്ടെന്ന് തീർച്ച. അതെന്താണ്?

പെണ്ണിന് വിശന്നപ്പോൾ ഭക്ഷണം വാങ്ങി കൊടുക്കാൻ വന്നതാണോ? ആണെന്നു പറഞ്ഞ് തടിതപ്പാൻ ശ്രമിക്കാം. പക്ഷേ ഇത്തരമൊരു വിശദീകരണം എത്രപേർ വിശ്വസിക്കുമെന്ന് കണ്ടറിയണം.

സംഭവം കെ.സിയുടെ സഭയിലുള്ളവരും അറിഞ്ഞു. അങ്ങനെ സഭാജനങ്ങൾ ഇപ്പോൾ മൂന്നുപക്ഷമായിരിക്കയാണ്. തങ്ങളുടെ പാസ്റ്റർ പരിശുദ്ധനാണെന്നും അതുകൊണ്ട് അങ്ങനെയൊന്നും ചെയ്യില്ലെന്നും ഒരു കൂട്ടർ വാദിക്കുന്നു. ഇയാൾ ഇതും ഇതിലപ്പുറവും ചെയ്യുമെന്ന് മറുപക്ഷം പറയുന്നു. സത്യം എന്തായാലും അത് തങ്ങളെ ബാധിക്കുന്ന പ്രശ്നമേയല്ലെന്ന് മൂന്നാമത്തെ ഗ്രൂപ്പ്. സംഗതി ഏതായാലും വിവാദമായിരിക്കയാണ്.

## കോഴഞ്ചേരിയും അല്പം രാഷ്ട്രീയവും

കോഴഞ്ചേരിക്കാർക്ക് രാഷ്ട്രീയം പാടില്ലെന്നുണ്ടോ? തീർച്ചയായും ഇല്ല. രാഷ്ട്രീയക്കാരുമായി ബന്ധം പാടില്ല എന്നുണ്ടോ? അതുമില്ല. പക്ഷേ രാഷ്ട്രീയക്കാരുടെ ഭാര്യമാരുമായുള്ള ബന്ധം ഒരളവിലധികം വേണ്ട. ഡിഫെൻഡർ ഈ പറയുന്നത് കോഴഞ്ചേരിയിലുള്ള ഒരു പാസ്റ്ററോടാണ്.

പാസ്റ്റർക്ക് ഒരു രാഷ്ട്രീയക്കാരന്റെ ഭാര്യയുമായുള്ള ബന്ധം തുടങ്ങിയിട്ട് ചില വർഷങ്ങളായി. സംഗതി ഇപ്പോൾ അതീവ ഗൗരവമുള്ളതായിട്ടുമുണ്ട്. രാഷ്ട്രീയക്കാരനും ഭാര്യയും തമ്മിൽ വിവാഹമോചനം നടത്താനുള്ള തയ്യാറെടുപ്പിലുമാണ്. എന്തൊക്കെ ന്യായം പറഞ്ഞാലും ഇത് അംഗീകരിക്കാനാവില്ല. കുടുംബം തകർക്കാൻ പാസ്റ്റർ കാരണക്കാരനാകരുത്. അതുകൊണ്ട് പാസ്റ്റർ ഈ ബന്ധം ഉടൻ അവസാനിപ്പിക്കണം. ഇല്ലെങ്കിൽ ഡിഫെൻഡർ ഇടപെടും.

# പീഡനം പൊടിപൂരം അച്ചൻകുഞ്ഞിന് കുശാൽ

എവിടെയെങ്കിലും ഒരു പീഡയുണ്ടായെന്നു കേട്ടാൽ അച്ചൻകുഞ്ഞിന് സന്തോഷമാകും. മരുപ്പച്ചയുടെ ഒന്നാംപേജിനുള്ള വാർത്തയായല്ലോ. അങ്ങനെയിരിക്കെയാണ് ഈയിടെ നാലഞ്ചു പീഡകൾ ഒന്നിച്ചുണ്ടായത്. സന്തോഷം സഹിക്കവയ്യാതെ അച്ചൻകുഞ്ഞ് തുള്ളിച്ചാടി. (സങ്കല്പമാണേ). ഫലമോ, മരുപ്പച്ചയുടെ നാലുപേജ് നിറയെ പീഡ. സംശയമുള്ളവർ മരുപ്പച്ചയുടെ സെപ്റ്റംബർ 20 ലക്കം നോക്കുക.

ഒന്നാം പേജിൽ ''ആരാധനാലയത്തിൽ അതിക്രമിച്ചുകയറി സഭാജനങ്ങൾക്ക് ക്രൂരമായ മർദ്ദനം'' എന്നതാണ് മുഖ്യവാർത്ത. അഞ്ചാം പേജിൽ ''ആരാണ് വിദേശികൾ'', ''എൽ.എം.എസ്. മിഷണറിമാരുടെ പ്രവർത്തനവും സദാനന്ദസ്വാമിയും'' എന്നീ ലേഖനങ്ങൾ. ആറാം പേജിൽ ''അറവുശാലകളിലേക്ക് പോകുന്ന ആടിനേപ്പോലെ'', ''ന്യൂനപക്ഷ സമൂഹം ഇത് അറിയാതെപോകരുത്'' എന്നിവയാണ് വിഭവങ്ങൾ. ഏഴാം പേജിൽ ''ഇന്ത്യയിലെ ന്യൂനപക്ഷങ്ങളുടെ ഭാവി'' എന്ന ലേഖനമുണ്ട്. പോരേ പൂരം.

ക്രൈസ്തവപീഡനം വിറ്റ് പണക്കാരനായ വ്യക്തിയാണ് പി.പി.ജോബ്. ആ പാതയാണ് അച്ചൻകുഞ്ഞും പിൻതുടരുന്നത്. സഭാവ്യത്യാസമില്ലാതെ എല്ലാ ക്രൈസ്തവരുടേയും കൈയ്യടി വാങ്ങാൻ കഴിയുന്ന വിഷയമാണ് ന്യൂനപക്ഷപീഡനം. ന്യൂനപക്ഷങ്ങളുടെ സംരക്ഷകനായി വേഷമിട്ടാലുണ്ടാകുന്ന നേട്ടം വലുതാണ്. അച്ചൻകുഞ്ഞ് നോട്ടമിടുന്നതും അതുതന്നെ.

# പെരുമ്പെട്ടി പ്രശ്നം: പുതിയ സഭയുണ്ടാക്കാൻ നീക്കം

ടി.എസ്.ഏബ്രഹാമിന്റെ വാക്കുവിശ്വസിച്ച് ഏബ്രഹാം ഷാജിക്കെതിരെ യുദ്ധം പ്രഖ്യാപിച്ചവർ ഇപ്പോൾ അക്ഷരാർത്ഥത്തിൽ വഴിയാധാരമായിരിക്കയാണ്. പ്രശ്നം എങ്ങനെ പരിഹരിക്കണമെന്നറിയാതെ കുഴയുകയാണിവർ.

ഏബ്രഹാം ഷാജിയെ ടി.എസ്.ഏബ്രഹാം ഐ.പി.സിയിൽ നിന്ന് പുറത്താക്കിയതോടെ ഏബ്രഹാം ഷാജിയും അദ്ദേഹത്തെ പിൻതുണയ്ക്കുന്നവരും വഴിയാധാരമാകും എന്നു കരുതിയാണ് ഇവർ യുദ്ധം പ്രഖ്യാപിച്ചത്. പക്ഷേ വഴിയാധാരമായത് ഇവരാണ്. പോലീസിനെ ഉപയോഗിച്ചും കേസ്സ് കൊടുത്തും മറ്റും ഏബ്രഹാം ഷാജിയെ വിരട്ടാൻ ശ്രമിച്ചെങ്കിലും ഔദ്യോഗികപക്ഷം ദയനീയമായി പരാജയപ്പെട്ടു. കോടതിവിധി ഏബ്രഹാം ഷാജിക്ക് അനുകൂലമായതോടെ പരാജയം പൂർണ്ണമായി. ഒത്തുതീർപ്പു ശ്രമങ്ങളും ഫലം കണ്ടില്ല.

ഇനി എന്താണ് വഴി? പുതിയൊരു സഭ ഉണ്ടാക്കാനാണ് ചിലരുടെ പദ്ധതി. പക്ഷേ നിലവിലുള്ള സഭയുടെ രണ്ടു കിലോമീറ്റർ ചുറ്റളവിനുള്ളിൽ പുതിയ സഭ ഉണ്ടാക്കിയാൽ അത് പുതിയ പ്രശ്നങ്ങൾക്ക് വഴിവെയ്ക്കും. ഏറെ ദൂരെ പോകാനും പറ്റില്ല. സഭാഹാളും മറ്റും ഉണ്ടാക്കാനുള്ള പണച്ചെലവ് താങ്ങാവുന്നതിലും അധികമാണ്. മടങ്ങിപ്പോകാമെന്നു വെച്ചാൽ അതിന് അഭിമാനം സമ്മതിക്കുന്നുമില്ല. (ടി.എസ്. ഏബ്രഹാമിനെ വിശ്വസിച്ചാൽ ഇങ്ങനെയിരിക്കും).





# മുടിയൻ പുത്രനും അങ്കിപ്രശ്നവും

മുടിയൻ പുത്രൻ മടങ്ങി വന്നപ്പോൾ പിതാവ് അങ്കി കൊടുത്താണ് അവനെ സ്വീകരിച്ചത്. എന്താണ് അതിന്റെ അർത്ഥം? അതിനുള്ള ഉത്തരം കെ.എ.ഏബ്രഹാം ചവറിലൂടെ പറഞ്ഞു. രക്ഷയാണ് ആ അങ്കി.

അങ്കി രക്ഷയാണെന്ന് പറയാൻ കാരണമെന്ത്? ദൈവവചനത്തിൽ അതിന് ആധാരമുണ്ടോ? ആധാരവും കരംകെട്ടിയ രസീതും മറ്റും അന്വേഷിക്കാൻ കെ.എ.ഏബ്രഹാമിന് നേരമില്ല. വായിൽ തോന്നിയത് കോതയ്ക്കു മാത്രമല്ല കെ.എ.ഏബ്രഹാമിനും പാട്ടാണ്.

വിശ്വാസിയെ പടയാളിയോട് ഉപമിക്കുമ്പോൾ അങ്കിയെ നീതിയായി പറയുന്നുണ്ട്. അതുകൊണ്ട് മുടിയൻ പുത്രന് പിതാവ് നീതിയെന്ന അങ്കി നൽകി എന്നാണ് സാധാരണക്കാരൊക്കെ പറയുക. കെ.എ.ഏബ്രഹാമും അതുതന്നെ പറഞ്ഞാൽ പാണ്ഡിത്യം പ്രകടിപ്പിക്കാൻ പറ്റില്ലല്ലോ. അതുകൊണ്ടാണ് അങ്കിയെ രക്ഷയാക്കി അവതരിപ്പിച്ചത്. (മോതിരം, ചെരിപ്പ് എന്നിവകൂടി വ്യാഖ്യാനിക്കാമായിരുന്നു.)

എന്തിലും നമ്മൾ നിഴലും പൊരുളും കാണും. അങ്ങനെയാണ് മുടിയൻ പുത്രനിലും അതൊക്കെ കണ്ടത്. ദൈവവചനം വ്യാഖ്യാനിക്കേണ്ടതെങ്ങനെ എന്ന് പഠിച്ചിരുന്നെങ്കിൽ ഇത്തരം വിഡ്ഢിത്തങ്ങൾ ഒഴിവാക്കാമായിരുന്നു.

കർത്താവായ യേശുക്രിസ്തു എന്തിനാണ് ഈ ഉപമ പറഞ്ഞത്? ലൂക്കോ.15 വായിക്കുക. കർത്താവ് ചുങ്കക്കാരേയും പാപികളേയും കൈക്കൊണ്ട് അവരോടൊപ്പം ഭക്ഷണം കഴിക്കുന്നതു കണ്ടപ്പോൾ പരീശൻമാരും ശാസ്ത്രിമാരും പിറുപിറുത്തു. അതിനുള്ള മറുപടിയായി കർത്താവ് ഒരേഅർത്ഥമുള്ള മൂന്ന് ഉപമകൾ പറഞ്ഞു. നൂറ് ആടുകളിൽ ഒന്ന് നഷ്ടപ്പെട്ടു, പത്ത് ദ്രഹ്മകളിൽ ഒന്ന് നഷ്ടപ്പെട്ടു. രണ്ടു മക്കളിൽ ഒന്ന് നഷ്ടപ്പെട്ടു. മൂന്നു കഥകളിലും നഷ്ടപ്പെട്ടത് തിരികെ ലഭിക്കുന്നുമുണ്ട്. അവ തിരികെ ലഭിച്ചപ്പോൾ ഏതുവിധത്തിലുള്ള സന്തോഷമാണുണ്ടായത് എന്നും കർത്താവ് പറഞ്ഞു.

ഈ ഉപമകളിലൂടെ കർത്താവു പറയുന്നത് ഇതാണ്: പരീശൻമാരേ, ശാസ്ത്രിമാരേ, ഈ ചുങ്കക്കാരും പാപികളും നഷ്ടപ്പെട്ടവരായിരുന്നു. അവരെ ഇതാ തിരികെ ലഭിച്ചിരിക്കുന്നു. അതുകൊണ്ട് ഞാൻ ഇപ്പോൾ ഇവരെ കൈക്കൊണ്ട് ഇവരോടൊപ്പം ഭക്ഷണം കഴിക്കുന്നു. നഷ്ടപ്പെട്ട ആടിനെ തോളിലേറ്റിക്കൊണ്ടു വരുന്ന ഇടയനും നഷ്ടപ്പെട്ട ദ്രഹ്മ കണ്ടുകിട്ടിയ സ്ത്രീയും മകനെ തിരികെ ലഭിച്ച പിതാവും സന്തോഷിക്കുന്നതുപോലെയാണ് ഞാൻ ഇവരോടൊപ്പം ഇപ്പോൾ സന്തോഷിക്കുന്നത്. ഈ ദൂതാണ് കർത്താവ് പറയാൻ ഉദ്ദേശിക്കുന്നത്. അതു മറന്നിട്ട് അങ്കിയും ചെരുപ്പും മോതിരവും മറ്റും നിഴലാക്കുകയും അതിനൊക്കെ പൊരുള് തേടുകയും ചെയ്യുന്നത് ശുദ്ധ വിവരക്കേടാണ്.

ഇത്രയും പറയുമ്പോൾ ഒരു സംശയം അവശേഷിക്കുന്നു. അങ്കിയും ചെരിപ്പും മോതിരവും മറ്റും കൊടുത്ത കാര്യം കർത്താവ് എന്തിനാണ് എടുത്തുപറയുന്നത്? മടങ്ങിവരുന്നവരെ അങ്കി കൊടുത്ത് സ്വീകരിക്കുന്ന പതിവ് പാലസ്റ്റീൻ നാട്ടിൽ ഉണ്ടായിരുന്നു എന്നാണ് കെ.എ.ഏബ്രഹാം പറയുന്നത്. ഏതു പുസ്തകത്തിലാണ് ഇങ്ങനെ പറയുന്നത്? കെ.എ.ഏബ്രഹാം കള്ളം പറയുകയാണ്. ഇത്തരത്തിൽ ഒരു രീതി അവിടെയുണ്ടായിരുന്നു എന്ന് ഒരു പുസ്തകത്തിലുമില്ല.

മടങ്ങിവരുന്ന മകൻ ''നിന്റെ കൂലിക്കാരിൽ ഒരുവനേപ്പോലെ എന്നെ ആക്കണമേ'' എന്ന് അപേക്ഷിക്കാനാണ് പദ്ധതിയിട്ടിരുന്നത്. മകൻ അങ്ങനെ പറയുമെന്ന് പിതാവ് ഊഹിച്ചിരുന്നു. അതുകൊണ്ട് ആ വാക്ക് പറയുന്നതിനുമുൻപേ പിതാവ് അങ്കിയും ചെരുപ്പും മോതിരവും കൊടുക്കുന്നു. മേൽത്തരമായ അങ്കി ധരിക്കുന്നത് ഉയർന്ന കുടുംബത്തിലെ അംഗങ്ങളാണ്. സ്വത്തുള്ളവരാണ് മോതിരം ധരിക്കുന്നത്. അടിമകൾക്ക് ചെരിപ്പിടാനുള്ള അവകാശം ആ കാലത്ത് ഇല്ലായിരുന്നു. ചെരുപ്പിടുന്നത് സ്വതന്ത്രമനുഷ്യരാണ്. കൂലിക്കാരിൽ ഒരുവനേപ്പോലെ ആക്കണമേ എന്ന് പറയുവാൻ വെമ്പുന്ന മകനോട് നിന്നെ കൂലിക്കാരനായല്ല മകനായാണ് സ്വീകരിക്കുന്നതെന്ന് ആ പിതാവ് പ്രവൃത്തിയിലൂടെ കാണിച്ചുകൊടുക്കുന്നു. അതിനാണ് അങ്കിയും ചെരിപ്പും മോതിരവും കൊടുക്കുന്നത്. ഇവയൊക്കെ നിഴലും പൊരുളും ആക്കേണ്ടതില്ല.

ഇത്തരമൊരു കഥ കർത്താവു പറയാൻ മറ്റൊരു കാരണം കൂടിയുണ്ട്. ന്യായപ്രമാണം നന്നായറിയാവുന്ന പരീശൻമാർക്കും ശാസ്ത്രിമാർക്കും മറ്റൊരു മുടിയൻ പുത്രനെയറിയാം. ആവ. 21:18-21 നോക്കുക. വീട്ടിലിരുന്ന് തിന്നുകയും കുടിക്കയും ചെയ്യുന്ന ഈ മുടിയൻ പുത്രനെ പട്ടണവാതിൽക്കലേക്ക് കൊണ്ടുപോയി കല്ലെറിഞ്ഞു കൊല്ലുകയാണ് ന്യായപ്രമാണത്തിലെ മാതാപിതാക്കൾ ചെയ്യുന്നത്. ന്യായപ്രമാണം കൊല്ലുന്ന പ്രമാണമാണ്. അക്ഷരം കൊല്ലുന്നു, ആത്മാവോ ജീവിപ്പിക്കുന്നു. പുതിയനിയമം ജീവിപ്പിക്കുന്ന പ്രമാണമാണ്. വീട്ടിലിരിക്കുന്ന മുടിയൻ പുത്രനെ പട്ടണത്തിൽ കൊണ്ടുപോയി കല്ലെറിയുന്ന പിതാവിനെയാണ് പരീശൻമാർക്കും ശാസ്ത്രിമാർക്കും അറിയാവുന്നത്. എന്നാൽ പുതിയനിയമത്തിലെ പിതാവായ യേശു, എല്ലാം മുടിച്ചിട്ട് പട്ടണത്തിൽ നിന്നും വരുന്ന മകനെ ഓടിച്ചെന്ന് സ്വീകരിക്കുകയും വീണ്ടും മകനായി അംഗീകരിക്കയും ചെയ്യുന്നു. ഇതാണ് പഴയനിയമവും പുതിയനിയമവും തമ്മിലുള്ള വ്യത്യാസം. ചുങ്കക്കാരും പാപികളുമാണ് ആ മുടിയൻ പുത്രൻമാർ. ഇവരോടൊപ്പം യേശു ഭക്ഷണം കഴിക്കുന്നത് ഈ കാരണത്താലാണ്. പുറത്തുനിന്ന് പരാതിപറയുന്ന ജ്യേഷ്ഠനേപ്പോലെയാണ് പരീശൻമാരും ശാസ്ത്രിമാരും. അവർക്കും അകത്തേക്കുവന്ന് വിരുന്നിൽ പങ്കുചേരാം. വരണമോ വേണ്ടയോ എന്ന് തീരുമാനിക്കേണ്ടത് അവരാണ്. അതുകൊണ്ടാണ് കർത്താവ് ജ്യേഷ്ഠൻ വന്നോ ഇല്ലയോ എന്നു പറയാതെ കഥ അവസാനിപ്പിക്കുന്നത്. ഇങ്ങനെയാണ് ഈ ഉപമ വ്യാഖ്യാനിക്കേണ്ടത്.

# ഡിഫെൻഡർ മറുപടി പറയുന്നു

**?** സ്വർഗ്ഗീയ വിരുന്നിന്റെ നേതൃത്വത്തിൽ തിരുവല്ലയിൽ നടന്ന മീറ്റിംഗിൽ നിരവധിയാളുകൾ സൗഖ്യം പ്രാപിച്ചു. പക്ഷേ ഈ മീറ്റിംഗിനെതിരെ ഡിഫെൻഡർ എഴുതുന്നു. ഇതുമൂലം ദൈവനാമം ദുഷിക്കപ്പെടുകയല്ലേ ചെയ്യുന്നത്?

■ തങ്കു, തോമസ്കുട്ടി തുടങ്ങിയവർക്കെതിരെ ഡിഫെൻഡർ എഴുതുമ്പോൾ ദൈവനാമം ദുഷിക്കുമെങ്കിൽ തങ്കുവും തോമസ്കുട്ടിയും ദൈവങ്ങളാണെന്ന് സമ്മതിക്കേണ്ടതായിവരും. ചിലർക്കൊക്കെ ഇവർ ദൈവങ്ങളാണെങ്കിലും ഡിഫെൻഡറിന് ഇവർ ദൈവങ്ങളല്ല. അതുകൊണ്ട് ഇവർക്കെതിരെ എഴുതുന്നു. അതിലൂടെ ദുഷിക്കുന്നത് ഈ തട്ടിപ്പുകാരുടെ നാമം മാത്രമാണ്.

രോഗശാന്തിയുണ്ടായോ എന്ന് വിശദമായ അന്വേഷണം നടത്താതെ പറയാൻ പറ്റില്ല. എങ്കിലും അത്ഭുത രോഗശാന്തി ഉണ്ടായി എന്ന് ഒരു വാദത്തിനുവേണ്ടി സമ്മതിച്ചുകൊണ്ട് മുൻപോട്ടുപോകാം.

ഒരു വ്യക്തിയുടെ ശുശ്രൂഷയിലൂടെ രോഗശാന്തി ഉണ്ടായി എന്നത് ആ വ്യക്തി ദൈവദാസനാണെന്നതിന് തെളിവായി സ്വീകരിക്കാമോ? ബൈബിൾ എന്തു പറയുന്നു? (ഡിഫെൻഡറിന്റെ ആധാരം ബൈബിളാണ്.) ഈ ചോദ്യത്തിനുള്ള ഉത്തരം കർത്താവായ യേശുക്രിസ്തുതന്നെ തന്നിട്ടുണ്ട്. അതുകൊണ്ട് ആ ഭാഗം ഉദ്ധരിക്കാം:

''കർത്താവേ, കർത്താവേ, നിന്റെ നാമത്തിൽ ഞങ്ങൾ പ്രവചിക്കുകയും നിന്റെ നാമത്തിൽ ഭൂതങ്ങളെ പുറത്താക്കുകയും നിന്റെ നാമത്തിൽ വളരെ വീര്യപ്രവൃത്തികൾ പ്രവർത്തിക്കുകയും ചെയ്തില്ലയോ എന്ന് പലരും ആ നാളിൽ എന്നോട് പറയും. അന്ന് ഞാൻ അവരോട്: ഞാൻ ഒരുനാളും നിങ്ങളെ അറിഞ്ഞിട്ടില്ല; അധർമ്മം പ്രവർത്തിക്കുന്നവരേ, എന്നെ വിട്ടു പോകുവിൻ എന്ന് തീർത്തുപറയും.''

ഇതു പറഞ്ഞത് കർത്താവായ യേശുക്രിസ്തുവാണ്. അതുകൊണ്ട് അത്യന്തം ഗൗരവത്തിൽ എടുക്കണം. കർത്താവ് അറിയാത്തവരും കർത്താവിനെ അറിയാത്തവരും കർത്താവിന്റെ നാമത്തിൽ അത്ഭുതം പ്രവർത്തിക്കും. അത്ഭുതം നടന്നു എന്നതുകൊണ്ട് ദൈവീകമായേ മതിയാകൂ എന്നില്ല.

തങ്കുവിന്റെ കാര്യത്തിൽ എവിടെയാണ് കുഴപ്പം? പറയാം: തങ്കു പ്രസംഗിക്കുന്നത് മറ്റൊരു സുവിശേഷമാണ്. അത് മാമ്മോന്റെ സുവിശേഷമാണ്. തങ്കുവിന്റെ യേശു മറ്റൊരു യേശുവാണ്. യേശുവിന്റെ വേഷം കെട്ടിയ മാമ്മോനാണത്. വിശദീകരിക്കാം.

ഉണ്ണാനും ഉടുക്കാനും ഉണ്ടെങ്കിൽ മതിയെന്നു വെയ്പീൻ എന്ന് കർത്താവായ യേശുക്രിസ്തു പറഞ്ഞു. അന്നന്നത്തെ അപ്പത്തിനായി പ്രാർത്ഥിക്കാൻ പഠിപ്പിച്ചു. പക്ഷേ തങ്കു ഇതിന് വിപരീതമായ ഉപദേശമാണ് പറയുന്നത്. തങ്കുവിന്റെ ദൈവത്തെ പിൻപറ്റിയാൽ കോടീശ്വരൻമാരാകാമത്രേ. പണക്കാരാകാൻവേണ്ടി പ്രാർത്ഥിക്കാൻ തങ്കു പഠിപ്പിക്കുന്നു. പണം ഉണ്ടാകുന്നതോ പണം ഉണ്ടാക്കുന്നതോ പാപമല്ല. പക്ഷേ ദ്രവ്യാഗ്രഹം കൊടിയ പാപമാണെന്ന് ദൈവവചനം പറയുന്നു. ഈ പാപത്തിലേക്കാണ് തങ്കു ജനത്തെ തള്ളിവിടുന്നത്.

ദാരിദ്ര്യം, രോഗം, അപകടം, വന്ധ്യത, പരാജയം തുടങ്ങിയവയൊക്കെ ശാപത്തിന്റെ ലക്ഷണങ്ങളായി തങ്കു പഠിപ്പിക്കുന്നു. ഈ ശാപങ്ങൾ പൊട്ടിക്കാൻ തങ്കുവിന് കഴിയുമത്രേ. വീണ്ടും ജനനം പ്രാപിച്ചിട്ടും പൊട്ടാത്ത ശാപം തങ്കു പൊട്ടിക്കുന്നു. കർത്താവിനേക്കാൾ വലിയവനാണ് തങ്കു.

ഇത് സാത്താന്യ ഉപദേശമാണെന്ന് എങ്ങനെ പറയാനാകും? മൂന്നു ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്തുക.

1. തങ്കു പഠിപ്പിക്കുന്ന ഉപദേശം കർത്താവ് പഠിപ്പിച്ചിട്ടുണ്ടോ?
2. അപ്പോസ്തലൻമാർ ഇതൊക്കെ പ്രാപിച്ചിട്ടുണ്ടോ?
3. ലേഖനങ്ങളിൽ ഇത്തരം ഉപദേശമുണ്ടോ?

ഉണ്ടെന്നാണ് പറയുന്നതെങ്കിൽ എവിടെ എന്നുകൂടി പറയണം. കർത്താവിനെ പിൻപറ്റുന്നവന് സാമ്പത്തിക ഉയർച്ചയുണ്ടാകുമെന്നും രോഗം, വന്ധ്യത തുടങ്ങിയവയെല്ലാം മാറുമെന്നും കർത്താവ് പറഞ്ഞോ? ഒന്നാംനൂറ്റാണ്ടിലെ ക്രിസ്ത്യാനികൾ ഈ വിധത്തിൽ ഭൗതീകനൻമകൾ പ്രാപിച്ചോ? ഇത്തരത്തിലുള്ള ഭൗതീകാനുഗ്രഹങ്ങൾ ഉണ്ടാകുന്നതിനേക്കുറിച്ച് ലേഖനങ്ങളിൽ ഉപദേശമുണ്ടോ? രക്ഷിക്കപ്പെട്ടവരുടെ ശാപം പൊട്ടിക്കുന്ന പരിപാടിയേക്കുറിച്ച് ബൈബിളിൽ എവിടെയാണ് പറയുന്നത്? ശാപമുക്തി ശുശ്രൂഷ എന്നൊരു പരിപാടിയേക്കുറിച്ച് ദൈവവചനത്തിൽ സൂചനയെങ്കിലുമുണ്ടോ? ഇല്ലേയില്ല.

ദൈവവചനത്തിൽ ആധാരമില്ലാത്ത ഉപദേശങ്ങൾ പഠിപ്പിക്കുകയും ദൈവവചനവിരുദ്ധമായ ശുശ്രൂഷകൾ ചെയ്യുകയും മനുഷ്യരെ ദ്രവ്യാഗ്രഹികളാക്കുകയും ചെയ്യുന്ന തങ്കു ദൈവദാസനല്ലെന്നു വ്യക്തം. ഇങ്ങനെയുള്ളവരും അത്ഭുതം പ്രവർത്തിക്കും. പക്ഷേ ഇത്തരക്കാരെ കർത്താവ് അറിഞ്ഞിട്ടില്ല. ഇവർ കർത്താവിനേയും അറിഞ്ഞിട്ടില്ല.


# വീട്ടിൽ ഒരു റഫറൻസ് ലൈബ്രറി

നിങ്ങളുടെ വീട്ടിലും ഒരു റഫറൻസ് ലൈബ്രറി ഒരുക്കാൻ ഇതാ ഒരു സുവർണ്ണാവസരം. 1500ൽ അധികം പുസ്തകങ്ങൾ. നാലു ലക്ഷത്തിൽ അധികം പേജുകൾ. പി.ഡി.എഫ് ഫോർമാറ്റിലുള്ള 40 സി.ഡികൾ. വില 1900 രൂപ മാത്രം. ട്രിനിറ്റി സ്ക്കൂൾ പുറത്തിറക്കിയിരിക്കുന്ന ഈ ക്ലാസിക്കൽ ഡിജിറ്റൽ ലൈബ്രറിയുടെ കോപ്പികൾ ഇപ്പോൾ ഡിഫെൻഡർ ഓഫീസിൽനിന്നും വിതരണം ചെയ്യുന്നു.

ജോസീഫസ് പോലുള്ള പ്രാചീന ഗ്രന്ഥങ്ങൾ മുതൽ ലൂഥർ, കാൽവിൻ തുടങ്ങിയ പ്രോട്ടസ്റ്റന്റ് നേതാക്കൻമാരുടെ പുസ്തകങ്ങളും നിരവധി ബൈബിൾ വ്യാഖ്യാന ഗ്രന്ഥങ്ങളും ഉൾപ്പെടുന്നതാണ് ഈ അത്യപൂർവ്വ ഗ്രന്ഥശേഖരം. ജോസീഫസ് പറഞ്ഞു, ലൂഥർ എഴുതി എന്നൊക്കെ ഇനി ഊഹം വെച്ച് പറയേണ്ടതില്ല.

ആകെ 1500ൽ അധികം പുസ്തകങ്ങൾ ഉള്ളതിനാൽ ഓരോ പുസ്തകത്തേക്കുറിച്ചും പ്രത്യേകമായി പറയാൻ ബുദ്ധിമുട്ടുണ്ട്. ക്രിസ്തീയലോകത്ത് ക്ലാസിക്കുകളായി അംഗീകാരം നേടിയിട്ടുള്ളവയാണ് എല്ലാ പുസ്തകങ്ങളും എന്ന് പൊതുവായി പറയാം. ഇവയിൽ നല്ലൊരു പങ്ക് ഇപ്പോൾ വിലയ്ക്ക് വാങ്ങാൻ പോലും കിട്ടുകയില്ല.

ഭൂരിപക്ഷം പുസ്തകങ്ങളും ഒറിജിനൽ പുസ്തകത്തിൽ നിന്ന് സ്ക്കാൻ ചെയ്ത് പി.ഡി.എഫ് ഫോർമാറ്റിൽ ആക്കിയിരിക്കുന്നു. ഏതാനും പുസ്തകങ്ങൾ ടൈപ്പ് ചെയ്ത് പി.ഡി.എഫിലോ എച്ച്.റ്റി.എം.എൽ ഫോർമാറ്റിലോ സെറ്റ് ചെയ്തിരിക്കുന്നു. ആകെ 40 സി.ഡികളിലായി, അക്ഷരമാലാ ക്രമത്തിൽ, ഒരുക്കിയിരിക്കയാണ് ഈ പുസ്തകങ്ങൾ. എല്ലാംകൂടി നാല് ലക്ഷത്തിൽ അധികം പേജുകൾ. പുസ്തകരൂപത്തിൽ വാങ്ങിയാൽ 10 ലക്ഷം രൂപയെങ്കിലും ചെലവാകും.

ഇംഗ്ലീഷ് അറിയാവുന്നവർക്ക് ഈ സി.ഡികൾ വാങ്ങി കമ്പ്യൂട്ടറിൽ ഇട്ട് ഉപയോഗിക്കാം. (ഇംഗ്ലീഷ് അറിയാത്തവരും സ്വന്തമായി കമ്പ്യൂട്ടർ ഇല്ലാത്തവരും ഈ സി.ഡികൾ വാങ്ങരുത്). ഈ സി.ഡികളേക്കുറിച്ച് കൂടുതൽ വിവരങ്ങൾ അറിയാൻ ആഗ്രഹിക്കുന്നവർ 0484-3232356, 9447414608 എന്നീ നമ്പറുകളിൽ ബന്ധപ്പെടുക.
Email: tsbalan@yahoo.com

40 സി.ഡികൾ അടങ്ങുന്ന ഒരു സെറ്റിന്റെ വില 4000 രൂപയാണ്. എന്നാൽ ഇപ്പോൾ സൗജന്യ വിലയായ 1900 രൂപയ്ക്ക് 40 സി.ഡികൾ ലഭിക്കും.

സി.ഡികൾ ആവശ്യമുള്ളവർ T.S.Balan എന്ന പേരിൽ 1900 രൂപ മണിയോർഡർ/ചെക്ക്/ഡ്രാഫ്റ്റ് എടുത്ത് താഴെ കാണുന്ന വിലാസത്തിൽ അയച്ചുതരിക. പണം ഓഫീസിൽ ലഭിച്ചാലുടൻ സി.ഡികൾ കുരിയർ/സ്പീഡ് പോസ്റ്റിൽ അയച്ചുതരുന്നതാണ്. വിദേശ രാജ്യങ്ങളിലേക്ക് സ്പീഡ് പോസ്റ്റിൽ സി.ഡികൾ അയയ്ക്കും. വില: US$ 100 or Rs.4000/-. ഗൾഫിലുള്ളവർ 1900 രൂപയും ഇന്ത്യയിലെ വിലാസവും അയയ്ക്കുക.

Address:

T.S.Balan
Anand Bhavan
Near: KSRTC,
Perumbavoor P.O.,
Ernakulam Dist. Pin. 683 542

# സാത്താൻ സിപ്പിൽ കയറിയാൽ

സാത്താൻ പാന്റ്സിന്റെ സിപ്പിൽ കയറിയാൽ പാവം ഭക്തൻ എന്തുചെയ്യും? ഉഗ്രമായി ശാസിക്കും. സർവ്വശക്തിയുമെടുത്ത് ഭർത്സിക്കും. അല്ലാതെന്തുചെയ്യാൻ?

സംഭവം നടന്നത് ഇടുക്കി ജില്ലയിൽ, തമിഴ്നാട് അതിർത്തിയിലുള്ള ഒരിടത്താണ്. സെന്റർ പാസ്റ്ററായ അമ്മായിയപ്പൻ പരലോകം പൂകുമ്പോൾ സെന്റർ പാസ്റ്ററാകാമെന്ന മോഹവുമായി ഒരു മരുമകൻ തിരുവല്ലയിൽ നിന്ന് ഇവിടെ എത്തിയിട്ടുണ്ട്. സെന്റർ എന്നു പറഞ്ഞാൽ, സഭാപ്രസംഗി പറഞ്ഞതുപോലെ, ഹാ മായ മായ എന്നേ പറയാൻ കഴിയൂ. സഭകളും പാസ്റ്റർമാരുമെല്ലാം കടലാസ്സിൽ മാത്രം. കുറഞ്ഞപക്ഷം പത്ത് സഭകളും അത്രയുംതന്നെ പാസ്റ്റർമാരും ഇല്ലെങ്കിൽ എന്തു സെന്റർ. പത്തു സഭയുണ്ടാക്കുക എളുപ്പമല്ല. പക്ഷേ പത്തോ നൂറോ പാസ്റ്റർമാരെ ഉണ്ടാക്കുക അത്ര ബുദ്ധിമുട്ടുള്ള കാര്യമല്ല. അങ്ങനെ മരുമകൻ വലിയ ബുദ്ധിമുട്ടൊന്നും കൂടാതെ കുറെ പാസ്റ്റർമാരെ സംഘടിപ്പിച്ചു. കപ്പയ്ക്കു കിളച്ചുകൊണ്ടു നടന്നവനേയും ചുമടെടുത്തു നടന്നവനേയും ഒരു പണിയുമില്ലാതെ നടന്നവനേയും ഒക്കെ പാസ്റ്ററാക്കി. മാസം 500 രൂപ കൊടുക്കാമെന്നു പറഞ്ഞപ്പോൾ അവർക്ക് സന്തോഷം. എല്ലാവർക്കും ഐഡന്റിറ്റി കാർഡും സംഘടിപ്പിച്ചുകൊടുത്തു.

നമ്മുടെ കഥാനായകൻ ഈ വിധത്തിൽ പാസ്റ്ററായ ഒരു ചങ്ങാതിയാണ്. ബൈബിളിൽ എത്ര പുസ്തകമുണ്ടെന്നുതന്നെ നിശ്ചയമില്ല. മനസ്സിൽ തോന്നുന്നതെല്ലാം പ്രവചനമായി പറയുകയാണ് മുഖ്യ പരിപാടി. കേട്ടിരിക്കുന്നവർക്കും ബൈബിൾ വലിയ പിടിപാടില്ലാത്തതുകൊണ്ട് പ്രശ്നമൊന്നുമില്ല. അങ്ങനെ കാര്യങ്ങളെല്ലാം നന്നായി നടക്കുന്നതിനിടയിൽ വരുന്നു സാത്താൻ സിപ്പിൽ.

സംഭവം ചുരുക്കി പറയാം: പാസ്റ്ററായതോടെ ഈ ചങ്ങാതി പാന്റ്സ് ഇടാൻ തുടങ്ങി. എങ്കിലും പരിചയക്കുറവുകൊണ്ട് പലവിധ പ്രായോഗിക പ്രശ്നങ്ങളുമുണ്ട്. ഒരു ദിവസം ഈ വിദ്വാൻ പ്രകൃതിയുടെ വിളിക്ക് ഉത്തരം പറഞ്ഞിട്ട് സിപ്പ് വലിച്ചപ്പോൾ നൂലോമറ്റോ കയറി ഉടക്കി. സംഭവം എന്താണെന്ന് കക്ഷിക്ക് പിടികിട്ടിയില്ല. സിപ്പ് പ്രവർത്തിക്കുന്നില്ല എന്നുമാത്രം മനസ്സിലായി. അല്പമൊന്ന് ആലോചിച്ചപ്പോൾ പ്രശ്നം പകൽ പോലെ വ്യക്തം. ശത്രു, അതായത് സാക്ഷാൽ സാത്താൻ, പറ്റിച്ച പണിയാണ്. അവൻ സിപ്പിലും പോരാടുന്നു. അത്രക്കായോ കളി. പാസ്റ്റർ വിട്ടുകൊടുത്തില്ല. ''യേശുവിന്റെ നാമത്തിൽ ഭോ സാത്താനെ'' എന്നു പറഞ്ഞ് സിപ്പ് ആഞ്ഞുവലിച്ചു. സാത്താൻ പേടിച്ചോടി. സിപ്പ് അടഞ്ഞു. (ശുഭം).

# കുന്തവും അവറാച്ചനും

കുന്തവും അവറാച്ചനും തമ്മിൽ എന്തുബന്ധം? ഒരു ബന്ധവുമില്ല. എന്നിട്ടും സാക്ഷാൽ കെ.എ.ഏബ്രഹാം കുന്തത്തേക്കുറിച്ച് ഈയിടെ ചവറിൽ പ്രസംഗിച്ചു. ശൗലിന്റെ കൈയ്യിലിരുന്ന കുന്തമാണ് കഥാപുരുഷൻ. ശൗലിന്റെ തട്ടിൻപുറത്ത് മുനപോയ കുന്തങ്ങളുടെ വലിയൊരു ശേഖരമുണ്ടെന്നും അവറാച്ചൻ പറഞ്ഞു.

ശൗലിന് ഒരു പ്രശ്നമുണ്ട്. തരം കിട്ടിയാൽ ദാവീദിനെതിരെ കുന്തമെറിയും. കാരണമെന്ത്? ദാവീദ് ദൈവത്തിന്റെ അഭിഷിക്തനാണ്. ശൗൽ പണ്ട് അഭിഷിക്തനായിരുന്നെങ്കിലും ഇപ്പോൾ അഭിഷേകം നഷ്ടമായിരിക്കുന്നു. അതുകൊണ്ട് അഭിഷിക്തന്റെ നേരേ കുന്തമെറിയലാണ് ഇപ്പോഴുള്ള പ്രധാന ജോലി. ഇത്രയും പറഞ്ഞിട്ട് അവറാച്ചൻ ശൗലിനെ കണക്കറ്റ് ശകാരിച്ചു.

ഇതൊക്കെ കേട്ടുകഴിഞ്ഞപ്പോൾ ഒരു സംശയം: അവറാച്ചൻ ആരേപ്പറ്റിയാണ് പറയുന്നത്? അധികാരസ്ഥാനത്തിരിക്കുന്ന ശൗൽ അധികാരമില്ലാത്തവനും പ്രായത്തിൽ കുറഞ്ഞവനുമായ ദാവീദിനെതിരെയാണ് കുന്തമെറിയുന്നത്. അങ്ങനെ സംഗതി പിടികിട്ടി. പെന്തക്കോസ്ത് നേതാക്കൻമാരാണ് ശൗൽ. വളർന്നുവരുന്ന ശുശ്രൂഷകൻമാരാണ് ദാവീദ്. പ്രസംഗത്തിൽ നിന്നും കിട്ടിയ സൂചനകൾകൂടി ചേർത്തു വച്ചപ്പോൾ എല്ലാം വ്യക്തമായി. ടി.എസ്.ഏബ്രഹാം, കെ.സി. ജോൺ, ടി.ജി.കോശി തുടങ്ങിയവരാണ് ശൗൽ. കെ.എ.ഏബ്രാമിനേപ്പോലുള്ളവർ ദാവീദും. (പ്രസംഗം മോശമാണെന്നു പറയുന്നതെങ്ങനെ?)



# വർഗീസ് മത്തായി സെന്റർബോൾട്ടാകും

ഒന്നു ചത്താലേ മറ്റൊന്നിനു വളമാകൂ എന്നാണല്ലോ ചൊല്ല്. മരുമകനായ കെ.സി. ജോർജിന്റെ ദുർന്നടപ്പ് പരസ്യമായതോടെ ആയൂർ സെന്റർ പാസ്റ്ററായ സി.ഐ.ചെറിയാൻ രാജി വെച്ച സംഭവം ഡിഫെൻഡർ റിപ്പോർട്ട് ചെയ്തിരുന്നല്ലോ. അങ്ങനെയുണ്ടായ ഒഴിവിലാണ് വർഗീസ് മത്തായി സെന്റർ പാസ്റ്ററാകുന്നത്.

ഏതപ്പാ ഈ വർഗീസ് മത്തായി എന്ന് ചോദിക്കുന്നവരുണ്ടാകാം. അതുകൊണ്ട് പരിചയപ്പെടുത്താം. ചവർ ചാനലിൽ പ്രത്യാശ എന്നൊരു പരിപാടിയുണ്ട്. എന്തെങ്കിലുമൊരു വിഷയത്തേക്കുറിച്ച് മാലോകരോടെല്ലാം അഭിപ്രായം ചോദിച്ചിട്ട് ഒടുവിൽ ഒരാൾ പല്ലുകടിച്ച് എന്തൊക്കെയോ പറയുന്നതാണ് സംഭവം. ഈ പരിപാടിയിൽ വായ്കൊണ്ട് ഗോഷ്ടി കാണിക്കുകയും പല്ലു കടിച്ച് വർത്തമാനം പറയുകയും മറ്റും ചെയ്യുന്ന ആളാണ് വർഗീസ് മത്തായി. കെ.സി.ജോണിന്റെ മന:സാക്ഷിസൂക്ഷിപ്പുകാരൻ. ഈ മാന്യദേഹത്തിനാണ് കെ.സി. ജോർജ് വ്യഭിചരിച്ചതുകൊണ്ട് നേട്ടമുണ്ടായിരിക്കുന്നത്.

പണ്ട് അല്പമൊക്കെ വിവരമുണ്ടായിരുന്ന വർഗീസ് മത്തായി എന്തുകൊണ്ട് കെ.സി.ജോണിന്റെ ശിങ്കിടിയായി എന്ന് അത്ഭുതപ്പെട്ടിരുന്നു. ഇപ്പോഴാണ് സംഗതി പിടികിട്ടിയത്. നേതാക്കൻമാരുടെ കാലുതിരുമ്മിയാൽ ഇങ്ങനെ ചില ഗുണങ്ങളൊക്കെയുണ്ടാകും.

# ചവർ ചാനൽ സ്ട്രീമിംഗ് നടത്തുമെന്ന്

ചവർ ഒക്ടോബർ ഒന്നു മുതൽ സ്ട്രീമിംഗ് (സ്ട്രീക്കിംഗ് അല്ല) നടത്തുമത്രേ. എന്തോ അത്യപൂർവ്വ സംഭവമാണ് സ്ട്രീമിംഗ് എന്ന് തോന്നും ഈ പ്രഖ്യാപനം കേട്ടാൽ. ചവറിലെ പ്രോഗ്രാമുകൾ ഇന്റർനെറ്റിൽ ഇടുമെന്നും ബ്രോഡ്ബാന്റ് ഇന്റർനെറ്റ് കണക്ഷൻ ഉള്ളവർക്ക് ഇത് ഇന്റർനെറ്റിലൂടെ കാണാൻ കഴിയുമെന്നും ആണ് ഈ പറയുന്നതിന്റെ അർത്ഥം. ഇതിൽ അത്ഭുതപ്പെടാൻ ഒന്നുമില്ല.

പ്രഭാതധ്യാനമെന്ന പേരിൽ റ്റി.എസ്.ബാലൻ തയ്യാറാക്കുന്ന പ്രതിദിനധ്യാനം ഇന്റർനെറ്റിൽ ജനുവരി ഒന്നാം തീയതി മുതൽ ലഭിക്കും. റ്റി.എസ്.ബാലനേപ്പോലൊരു സാധാരണക്കാരനുപോലും ചെയ്യാൻ കഴിയുന്ന കാര്യമാണ് കെ.സി.ജോൺ എന്തോ അത്യപൂർവ്വ സംഭവം പോലെ അവതരിപ്പിക്കുന്നത്.

എന്തുകൊണ്ടാണ് ഈ ചെറിയ കാര്യത്തിന് ഇത്രയധികം പബ്ലിസിറ്റി കൊടുക്കുന്നത്? ഉത്തരം വ്യക്തം. ചവർ ചാനൽ ഈ വർഷം മദ്ധ്യത്തോടെ അമേരിക്കയിൽ ലഭ്യമാക്കുമെന്ന് കഴിഞ്ഞവർഷം കെ.സി.ജോൺ പ്രഖ്യാപിച്ചിരുന്നു. അത് നടപ്പിലായില്ല. ഉടനെയൊന്നും നടപ്പിലാകുന്ന ലക്ഷണവുമില്ല. എന്താണ് പോംവഴി? അങ്ങനെയാണ് സ്ട്രീമിംഗ് കണ്ടുപിടിച്ചത്. നല്ല ഉശിരൻ പേര്. സാധുക്കളെ കബളിപ്പിക്കാൻ ഇതുമതി. ഇതാ വരുന്നൂ സ്ട്രീമിംഗ് എന്ന് കെ.സി. ജോൺ പ്രഖ്യാപിച്ചത് അങ്ങനെയാണ്.

# മദറിന് ദൈവവിശ്വാസമില്ലെങ്കിൽ അച്ചൻകുഞ്ഞ് കുഴയും

മദർ തെരേസയ്ക്ക് അവസാനകാലമായപ്പോഴേക്കും ദൈവവിശ്വാസമില്ലായിരുന്നത്രേ. ഈ വാർത്ത ഏറ്റവുമധികം ഞെട്ടിച്ചതാരേ? ''കത്തോലിക്കരെ'' എന്നാണ് നിങ്ങളുടെ ഉത്തരമെങ്കിൽ തെറ്റി. ''അച്ചൻകുഞ്ഞിനെ'' എന്നതാണ് ശരിയായ ഉത്തരം. മദറിന് ദൈവവിശ്വാസമില്ലായിരുന്നെങ്കിൽ ഐ.പി.സിക്കാരനായ അച്ചൻകുഞ്ഞ് ഞെട്ടുന്നതെന്തിന്? അതറിയണമെങ്കിൽ തിരുവല്ല പ്ലാന്തോട്ടം കോംപ്ലക്സിലുള്ള മരുപ്പച്ച ഓഫീസിൽ പോകണം. അവിടെ നിങ്ങൾക്ക് മദർ തെരേസയുടെ രണ്ടു ചിത്രങ്ങൾ കാണാം. മദർ വീണ്ടുംജനനം പ്രാപിച്ച ദൈവപൈതലായിരുന്നെന്നും അതുകൊണ്ടാണ് മദറിന്റെ രണ്ടു ഫോട്ടോകൾ ഓഫീസിൽ വെയ്ക്കുന്നതെന്നുമാണ് അച്ചൻകുഞ്ഞ് വിശദീകരണം നൽകിയിരുന്നത്. മദറിന് ദൈവവിശ്വസമില്ലായിരുന്നു എന്നുവന്നാൽ അച്ചൻകുഞ്ഞ് കുഴയുന്നതിന്റെ കാരണമിതാണ്.

# ഷാജി വസ്ത്രവിതരണ രംഗത്തേക്ക്

പൗലോസ് സുവിശേഷ വേലയോടൊപ്പം കൂടാരപ്പണി കൂടി ചെയ്തു. പൗലോസിന് അറിയാവുന്ന പണി അതായിരുന്നതുകൊണ്ടാണ് ആ പണി ചെയ്തത്. അങ്ങനെ നോക്കുമ്പോൾ ഷാജി പാസ്റ്റർക്ക് അറിയാവുന്ന പണി ചെയ്യുന്നത് തെറ്റാണെന്നു പറയാൻ പറ്റുമോ? എന്തുചെയ്യാം, സഭാംഗങ്ങൾക്കും നാട്ടുകാർക്കും വചനപരിജ്ഞാനമില്ലാതെപോയി. അതുകൊണ്ട് ഷാജി പാസ്റ്റർ നടത്തിയ സൈഡ് ബിസിനസ്സ് പ്രശ്നത്തിന് കാരണമായി.

ഷാജി എന്നു പേരുള്ള നിരവധി പാസ്റ്റർമാരുള്ളതുകൊണ്ട് കൂടാരപ്പണിക്കാരനായ ഈ ഷാജിയെ പരിചയപ്പെടുത്താം. കെ.സി.ജോണിന്റെ അസിസ്റ്റന്റും കെ.സി.ജോണില്ലാത്തപ്പോൾ കെ.സി.ജോൺ ചെയ്യുന്ന എല്ലാ കാര്യങ്ങളും ചെയ്യുന്നവനുമായ സാക്ഷാൽ ഷാജി പാസ്റ്ററേക്കുറിച്ചാണ് പറഞ്ഞുവരുന്നത്. ഈ പരമവിശുദ്ധൻ ഈയിടെ തുണിക്കച്ചവടം തുടങ്ങി. കച്ചവടമെന്നു പറഞ്ഞാൽ പൂർണ്ണമായി ശരിയല്ല. കാരണം, തുണി കൊടുക്കുന്നത് വിലയ്ക്കല്ല, സൗജന്യമായാണ്. അത് എല്ലാവർക്കും കൊടുക്കുകയുമില്ല. ഭർത്താക്കൻമാർ ഗൾഫിലുള്ള സ്ത്രീകളെ തെരഞ്ഞുപിടിച്ചാണ് വസ്ത്രവിതരണം. കൊടുക്കുന്നത് സ്ത്രീകളുടെ അടിവസ്ത്രങ്ങളാണെന്നുകൂടി പറയുമ്പോൾ അടി വസ്ത്രത്തിൽ മാത്രം ഒതുങ്ങുകയില്ലെന്നും വ്യക്തമാണല്ലോ. ഈ ബിസിനസ്സാണ് സഭയിൽ പ്രശ്നമായത്.

ഈയിടെ ഒരു ഗൾഫുകാരന്റെ ഭാര്യക്ക് ഷാജി അതീവ രഹസ്യമായി അടിവസ്ത്രങ്ങൾ നൽകിയത് മാലോകർ അറിഞ്ഞു. അങ്ങനെ സംഭവം വിവാദമായി. പക്ഷേ ഷാജിയുടെ ഭാര്യ അവസരത്തിനൊത്തുയർന്നു. തന്റെ ഭർത്താവായ ഷാജി ആ സ്ത്രീക്ക് അടിവസ്ത്രം നൽകിയപ്പോൾ താനും ഒപ്പമുണ്ടായിരുന്നു എന്ന് അവർ (കള്ള)സാക്ഷി പറഞ്ഞു. അങ്ങനെ പ്രശ്നം ഒരുവിധം തണുത്തു നിൽക്കുകയാണിപ്പോൾ.

കെ.സി.ജോണിന്റെ ഭാര്യയോടൊപ്പം ഹോട്ടലിൽ പോയി താമസിക്കവരെ ചെയ്തിട്ടും കെ.സി.ജോൺ ഷാജിയെ എന്തുകൊണ്ട് സ്ഥലംമാറ്റുക പോലും ചെയ്യുന്നില്ല? കാര്യം ഇതാണ്: ഷാജിയെ പിൻതുണയ്ക്കുന്ന കുറെ കുടുംബങ്ങൾ നെടുമ്പ്രം സഭയിലുണ്ട്. ഷാജിയെ സ്ഥലം മാറ്റുകയോ പുറത്താക്കുകയോ ചെയ്താൽ സഭ പിളരും. ആകെ നാണക്കേടാകും. അതുകൊണ്ടാണ് ഷാജിയെ പുറത്താക്കാൻ ആഗ്രഹമുണ്ടായിട്ടും കെ.സി.ജോൺ ഷാജിക്കെതിരെ നടപടിയെടുക്കാത്തത്.



# സത്യം പറഞ്ഞാൽ മാനനഷ്ടമുണ്ടാകില്ല

ഡിഫെൻഡർ സത്യം തുറന്നെഴുതുന്നതുകാണുമ്പോൾ പലരും ചോദിക്കാറുണ്ട്: ''ഇങ്ങനെയൊക്കെ എഴുതിയാൽ അവർ മാനനഷ്ടക്കേസ്സ് കൊടുക്കില്ലേ?'' അതിനുള്ള ഉത്തരം ഇതാണ്. ''മാനനഷ്ടക്കേസ്സ് ആർക്കും കൊടുക്കാൻ കഴിയും. പക്ഷേ മാനം ഉണ്ടെങ്കിലേ മാനനഷ്ടമുണ്ടാകൂ. അതുകൊണ്ട് ഡിഫെൻഡറിനെതിരെ മാനനഷ്ടക്കേസ്സ് കൊടുത്ത് ജയിക്കാനാവില്ല.''

മാനനഷ്ടം എന്നാൽ എന്തെന്ന് ഇന്ത്യൻ ശിക്ഷാനിയമം 499-ാം വകുപ്പിൽ പറയുന്നുണ്ട്. സത്യസന്ധമായതും പൊതുതാല്പര്യമുള്ളതുമായ കാര്യങ്ങൾ ഉത്തമ ബോദ്ധ്യത്തോടെ എഴുതുകയോ പറയുകയോ ചെയ്യുന്നത് മാനനഷ്ടത്തിന് കാരണമാകുന്നില്ല. ഉദാഹരണത്തിന്, ടി.എസ്. ഏബ്രഹാം വ്യഭിചാരിയാണെന്ന് ഡിഫെൻഡർ നൂറുവട്ടം എഴുതിയിട്ടും മാനനഷ്ടക്കേസ്സുണ്ടായില്ല. കെ.സി.ജോൺ സ്വന്തം അമ്മായിയമ്മയെവരെ വ്യഭിചരിച്ചവനാണെന്ന് ഡിഫെൻഡർ എഴുതി. ശാരോൻ സെക്രട്ടറിയായ സി.വി. ജോൺ സ്വന്തം മകളെ ഭാര്യയാക്കിയെന്നും എഴുതി. ഇവരാരും മാനനഷ്ടക്കേസ്സ് കൊടുത്തില്ല. എന്തുകൊണ്ട്? ഡിഫെൻഡർ എഴുതിയത് സത്യമായിരുന്നു. ഇവരൊക്കെ പാസ്റ്റർമാരാകയാൽ ഇവ പൊതുതാല്പര്യമുള്ള വിഷയങ്ങളുമാണ്. ഉത്തമ വിശ്വാസത്തോടെയാണ് ഡിഫെൻഡർ ഇതൊക്കെ എഴുതിയത്. അതുകൊണ്ട് മാനനഷ്ടക്കേസ്സ് നിലനിൽക്കില്ല.

മോനായിയുടെ പത്രമായ സുഭാഷിതത്തിന് 2500 കോപ്പിമാത്രമാണുള്ളതെന്നും അഞ്ചുലക്ഷം കോപ്പികളുണ്ടെന്നു പറഞ്ഞ് ജനങ്ങളെ വഞ്ചിക്കയാണെന്നും ഡിഫെൻഡർ പറയുന്നു. മോനായിക്ക് മാനനഷ്ടക്കേസ്സ് കൊടുത്ത് ജയിക്കാനാവില്ല. കാരണം, ഡിഫെൻഡർ പറഞ്ഞത് സത്യമാണ്. ഇത് പൊതുതാല്പര്യമുള്ള വിഷയവുമാണ്.

മോനായിയെ മോഷണായി എന്നു വിളിച്ചാലും മാനനഷ്ടമുണ്ടാകുന്നില്ല. കാരണം, സാഹിത്യമോഷണം തൊഴിലാക്കിയ ആളാണ് മോനായി. തെളിവുകൾ നിരവധിയുണ്ട്. അവാർഡ്ദാനത്തിന്റെ പേരിൽ മോനായിയെ വിമർശിക്കുന്നതും നിയമലംഘനമല്ല. ഇതും പൊതുതാല്പര്യമുള്ള വിഷയമാണ്.

ഉള്ളതേ നഷ്ടപ്പെടൂ. മാനനഷ്ടം ഉണ്ടാകണമെങ്കിൽ മാനം ഉണ്ടായിരിക്കണം. പെന്തക്കോസ്ത് പാസ്റ്റർമാർ ഉയർന്ന ധാർമ്മിക നിലവാരം പുലർത്താൻ കടപ്പെട്ടവരാണ്. ഇവർ അതിന് വിരുദ്ധമായി പെരുമാറുമ്പോൾ ഡിഫെൻഡർ വിമർശിക്കും. നിയമത്തിന്റെ പരിധിയിൽ നിന്നുകൊണ്ടുള്ള വിമർശനമാണ് ഡിഫെൻഡർ നടത്തുന്നത്. ഇന്ത്യൻ തെളിവുനിയമത്തിലെ വകുപ്പുകൾ അനുസരിച്ച് കോടതിയിൽ സ്വീകാര്യമായ തെളിവുകൾ കൈവശം വച്ചുകൊണ്ടാണ് ഡിഫെൻഡർ എല്ലായ്പ്പോഴും എഴുതുന്നത്. അതുകൊണ്ടാണ് ഡിഫെൻഡറിനെതിരെ നാളിതുവരെ ഒരു മാനനഷ്ടക്കേസ്സുപോലും വിജയിക്കാത്തത്.

മുഖം വികൃതമായതിന് കണ്ണാടിയെ പഴിപറഞ്ഞിട്ട് കാര്യമില്ല. ഡിഫെൻഡർ കണ്ണാടിപോലെയാണ്. സത്യത്തിന്റെ ഭീകര മുഖം ഡിഫെൻഡറിൽ കാണാൻ കഴിയും. പരസ്യത്തിനായി ആരുടേയും പിന്നാലെ ഡിഫെൻഡർ നടക്കുന്നില്ല. എത്ര വലിയ നേതാവ് കോപിച്ചാലും ഡിഫെൻഡറിന് ഒന്നും വരാനില്ല. അതുകൊണ്ട് സത്യം തുറന്നു പറയാൻ ഡിഫെൻഡറിന് കഴിയുന്നു.

മാനനഷ്ടക്കേസ്സ് കൊടുത്ത് ഡിഫെൻഡറിന്റെ വായടപ്പിക്കാമെന്ന് ആരെങ്കിലും കരുതുന്നുണ്ടെങ്കിൽ അത് വെറും വ്യാമോഹം മാത്രമാണ്. ഉമ്മാക്കി കാട്ടി ഡിഫെൻഡറിനെ വിരട്ടാനാവില്ല. നിയമത്തിന്റെ പരിധിയിൽ നിന്നുള്ള പത്രപ്രവർത്തനമാണ് ഡിഫെൻഡർ നടത്തുന്നത്. അതുകൊണ്ട് നിയമം ഡിഫെൻഡറിന്റെ തുണയ്ക്കെത്തും.

# മാത്യൂസ് ലൂക്കോസ് അത്ഭുതം പ്രവർത്തിച്ചെന്ന്



മാത്യൂസ് ലൂക്കോസ് പ്രാർത്ഥിച്ച് അത്ഭുതരോഗശാന്തിയുണ്ടായത്രേ. പറയുന്നത് മാത്യൂസ് ലൂക്കോസ് തന്നെയാകുമ്പോൾ സംശയിക്കേണ്ടതുമില്ല. (ആണ്ടി വലിയ അടികാരനാണെന്ന് ആണ്ടിതന്നെ പറയുമ്പോൾ ആരും സംശയിക്കാറില്ലല്ലോ). മാത്യൂസിന്റെ പത്രമായ ക്രിസ്ത്യൻ ട്രൈബ്യൂണിൽ മാത്രമാണ് ഈ അത്ഭുതസംഭവം റിപ്പോർട്ട് ചെയ്തത്. ഗുരുതരമായ സ്ഥിതിയിലായിരുന്ന ഒരാൾക്കുവേണ്ടി മാത്യൂസ് പ്രാത്ഥിച്ചപ്പോൾ രോഗിക്ക് അല്പം വ്യത്യാസമുണ്ടായത്രേ. മാത്യൂസ് പ്രാർത്ഥിക്കുന്ന ഫോട്ടോ സഹിതമാണ് വാർത്ത പ്രസിദ്ധീകരിച്ചത്.

ലോകത്തിൽ എഴ് അത്ഭുതങ്ങളേയുള്ളൂ എന്നാണ് വെയ്പ്. പക്ഷേ എട്ടാമത്തെ അത്ഭുതമായി ഇത് അംഗീകരിക്കണം. ഇതുപോലൊരു അത്ഭുതം നാളിതുവരെ ഉണ്ടായിട്ടില്ല. ഇനി ഉണ്ടാകുമോയെന്നും സംശയമാണ്. മാത്യൂസ് ദൈവദാസനാണെന്നതിന് ഇതിൽപ്പരം തെളിവെന്തുവേണം.

ഇതൊക്കെയാണെങ്കിലും മാത്യൂസ് മതമൗലികവാദിയൊന്നുമല്ല. ഏതു ക്രൈസ്തവ വിഭാഗത്തേയും അംഗീകരിക്കും. കത്തോലിക്കർ ഉൾപ്പെടെയുള്ള എല്ലാവരും മാത്യൂസിന് സ്വീകാര്യർ. മറ്റു മതങ്ങളോടും വിരോധമില്ലെന്നു മാത്രമല്ല കടുത്ത സ്നേഹവുമാണ്. അതുകൊണ്ടാണ് മാത്യൂസ് ഗംഗയിൽ മുങ്ങിയതും കാവിയുടുത്തതും രുദ്രാക്ഷം അണിഞ്ഞതും. ഒരു ദൈവമേയുള്ളൂ എന്നും അത് ഏതു ദൈവവുമാകാം എന്നുമാണ് മാത്യൂസ് വിശ്വസിക്കുന്നത്.

പെന്തക്കോസ്തുകാരുടെ ഇടയിൽ മാത്യൂസ് ഒന്നാംതരം പെന്തക്കോസ്തുകാരനാണ്. സമുദായക്കാരുടെ ഇടയിൽ സമുദായക്കാരനും. എക്യൂമെനിസത്തിന്റെ ആൾരൂപമാണ് ഈ മാന്യദേഹം. പെന്തക്കോസ്തിന്റെ ഭാവി ഇയാളുടെ കൈകളിലാണ്.

# പൂരപ്പാട്ടുമായി പോൾസൺ വീണ്ടും രംഗത്ത്

കഞ്ഞിപോൾസൺ പൂരപ്പാട്ടുപാടുന്നു. വിരോധമുള്ളവരുടെ വീട്ടിലേക്ക് ഫോണിൽ വിളിച്ചാണ് പൂരപ്പാട്ട്. ഡിഫെൻഡറിൽ വാർത്ത വന്നതിലുള്ള വിരോധം തീർക്കാനാണ് പോൾസൺ ശ്രമിക്കുന്നത്. പക്ഷേ ഡിഫെൻഡർ ഓഫീസിലേക്ക് വിളിക്കുന്നുമില്ല. ഡിഫെൻഡറിന് വിവരം തന്നവരെന്ന് പോൾസൺ കരുതുന്നവരുടെ വീട്ടിലേക്കാണ് ഫോൺ വിളിക്കുന്നത്. സ്വന്തം ഫോണിൽ നിന്ന് വിളിച്ചാൽ പ്രശ്നമാകും എന്നു കരുതി വീടിനടുത്തുള്ള ഒരു എസ്.റ്റി.ഡി ബൂത്തിൽ നിന്നാണ് വിളിക്കുന്നത്.

പെരുമ്പാവൂരിന് സമീപമുള്ള ഇരിങ്ങോളിലാണ് പോൾസൺ താമസിക്കുന്നത്. പെരുമ്പാവൂർ താലൂക്ക് ആശുപത്രിയിലുള്ള രോഗികൾക്ക് വല്ലപ്പോഴും ഒരിക്കൽ കഞ്ഞി കൊടുക്കലാണ് മുഖ്യ പരിപാടി. ഈ പേരുപറഞ്ഞ് നാടുനീളെ പിരിവെടുക്കും. മകൾക്ക് ഗുരുതരമായ രോഗമാണെന്നു പറഞ്ഞും ഇയാൾ ഈയിടെ നല്ലൊരുതുക തട്ടിയെടുത്തിരുന്നു. പണപ്പിരിവിനോടൊപ്പം ദുർന്നടപ്പുകൂടി തുടങ്ങി എന്ന് വ്യക്തമായപ്പോഴാണ് ഇയാൾക്കെതിരെ ഡിഫെൻഡർ എഴുതിയത്.

ഡിഫെൻഡറിനോട് ഏററുമുട്ടാൻ പോൾസണ് ധൈര്യമില്ല. അതുകൊണ്ട് ഡിഫെൻഡറിന് വിവരം തന്നവർ എന്ന് പോൾസൺ ധരിച്ചുവെച്ചിരിക്കുന്നവർക്കെതിരെയാണ് യുദ്ധം. അവരോടും നേരിട്ട് ഏറ്റുമുട്ടാൻ ധൈര്യമില്ല. അതുകൊണ്ട് ഫോണിൽ വിളിച്ച് അത്യന്തം ഹീനമായ ഭാഷയിൽ സംസാരിക്കുന്നു. കർത്താവായ യേശുക്രിസ്തുവുമായി എന്തെങ്കിലും ബന്ധമുള്ളവർ ഇത്തരത്തിലുള്ള ഭാഷയിൽ സംസാരിക്കുകയില്ല. അതുകൊണ്ട് ഇയാൾക്ക് പണം കൊടുക്കുന്നവർ ശ്രദ്ധിക്കുക. ഇയാൾ ഒന്നാംതരം കള്ളനാണ്.




## ഡിഫെൻഡർ ആയുഷ്ക്കാല വരിസംഖ്യ സ്വീകരിക്കുന്നു

അഭ്യുദയകാംഷികളുടെ നിരന്തരമായ അഭ്യർത്ഥന മാനിച്ച് ഡിഫെൻഡർ ആയുഷ്ക്കാല വരിസംഖ്യ സ്വീകരിക്കാൻ തീരുമാനിക്കുകയാണ്. (ആയുഷ്ക്കാലം എന്നതുകൊണ്ട് വരിക്കാരന്റെ ആയുഷ്ക്കാലമെന്നല്ല റ്റി.എസ്. ബാലന്റെ ആയുഷ്ക്കാലമെന്നാണ് അർത്ഥമാക്കുന്നതെന്ന് വ്യക്തമാക്കട്ടെ. കാരണം, റ്റി.എസ്.ബാലൻ മരിക്കുന്നതോടെ ഡിഫെൻഡറും ഇല്ലാതാകും.)

ഡിഫെൻഡറിന്റെ ആയുഷ്ക്കാല വരിക്കാരാകുവാൻ ആഗ്രഹിക്കുന്നവർ 1000 (ആയിരം) രൂപ രണ്ടാം പേജിൽ കാണുന്ന വിലാസത്തിൽ ചെക്ക്/ഡി.ഡി/മണിയോഡർ അയയ്ക്കുക. ചെക്ക്/ഡി.ഡി. എന്നിവ T.S.Balan എന്ന പേരിൽ മാത്രം എടുക്കാൻ ശ്രദ്ധിക്കുക. കൂടുതൽ വിവരങ്ങൾക്ക്:

**Ph: 0484-3232356. Mob: 9447414608**

# സി.പി.മോനായിക്ക് സ്നേഹപൂർവ്വം

സുഭാഷിതത്തിന്റെ എഡിറ്ററും ഐ.പി.സിയിലെ പാസ്റ്ററും മറ്റു പലതുമായ സി.പി. മോനായി വായിച്ചറിയാൻ ഡിഫെൻഡർ എഴുതുന്നത്:

മോനായിയുടെ വിക്രിയകൾ ഈയിടെയായി തികച്ചും അസഹ്യമായിരിക്കുന്നു എന്ന് പറയാതെവയ്യ. എന്തിനും ഒരു അതിരൊക്കെ വേണ്ടേ മോനായീ? ഇങ്ങനെയൊക്കെ തുടങ്ങിയാൽ ഡിഫെൻഡറിന് എതിർക്കാതിരിക്കാൻ പറ്റുമോ?

ഉദാഹരണമായിട്ട് സുഭാഷിതത്തിന്റെ കാര്യം എടുക്കാം. പത്രസ്വാതന്ത്ര്യമെന്നത് ഇന്ത്യൻ പൗരന്റെ മൗലീകാവകാശമാണ്. മോനായിയും ഇന്ത്യൻ പൗരനാണ്. അതുകൊണ്ട് പത്രസ്വാതന്ത്ര്യവുമുണ്ട്. പക്ഷേ അത് പത്രത്തിലൂടെ എന്തു തോന്ന്യാസവും കാണിക്കാനുള്ള സ്വാതന്ത്ര്യമല്ല. കേവലം 2500 കോപ്പി അടിച്ചിട്ട് അഞ്ചുലക്ഷം വായനക്കാരുണ്ടെന്നു പറഞ്ഞാൽ ഡിഫെൻഡറിനു പ്രതികരിക്കാതിരിക്കാൻ പറ്റുമോ മോനായീ? സുഭാഷിതത്തിന് 500 കോപ്പിയേ ഉള്ളൂ എങ്കിലും ഡിഫെൻഡറിന് വിരോധമില്ല. അതൊക്കെ ഓരോരുത്തരുടേയും സ്വാതന്ത്ര്യത്തിൽപ്പെട്ട കാര്യമാണ്. പക്ഷേ പത്രത്തിന്റെ പ്രചാരത്തേക്കുറിച്ചു പറയുന്നെങ്കിൽ സത്യമേ പറയാവൂ.

സ്വന്തം ഫോട്ടോ പത്രത്തിൽ അടിച്ചുവരുന്നത് കാണാൻ മിക്കവർക്കും കൊതിയുണ്ടാകും. പക്ഷേ മോനായി സ്വന്തം പത്രത്തിന്റെ ഒരു ലക്കത്തിൽ മോനായിയുടെ 26 ഫോട്ടോ അടിച്ചുവിട്ടത് ശരിയായ നടപടിയാണെന്ന് തോന്നുന്നുണ്ടോ? ഇത്തരം തരംതാണ നടപടിക്കെതിരെ ഡിഫെൻഡർ പ്രതികരിച്ചത് തെറ്റാണോ മോനായീ?

പൊതുജനങ്ങളുടെ മുൻപിൽ അവതരിപ്പിക്കുന്നതെന്തും വിമർശനവിധേയമാണ്. സംശയമുണ്ടെങ്കിൽ ഇന്ത്യൻ ശിക്ഷാനിയമം 499 വായിക്കുക. മോനായി പത്രം അടിച്ചിട്ട് ആർക്കും കൊടുക്കാതിരുന്നാൽ പ്രശ്നമില്ല. പക്ഷേ പത്രം പൊതുജനങ്ങൾക്ക് വിതരണം ചെയ്യുന്നതോടെ വിമർശനത്തിനുള്ള അധികാരംകൂടി പൊതുജനങ്ങൾക്ക് കൊടുക്കുകയാണ് ചെയ്യുന്നത്.

കഴിവുള്ളവരെ അംഗീകരിക്കണം എന്ന് മോനായി സെപ്റ്റംബർ ലക്കത്തിൽ മുഖപ്രസംഗം എഴുതി. കഴിവുള്ളവരെ അംഗീകരിക്കണം എന്നുതന്നെയാണ് ഡിഫെൻഡറിനും പറയാനുള്ളത്. പക്ഷേ ആരാണ് കഴിവുള്ളവർ? മോനായിയുടെ പത്രത്തിൽ ഒന്നോ രണ്ടോ കുറിപ്പെഴുതിയതുകൊണ്ട് ഒരാൾ കഴിവുള്ളവനാണെന്ന് തെളിഞ്ഞു എന്ന് മോനായി പ്രഖ്യാപിക്കയും അവർക്ക് അവാർഡ് കൊടുക്കുകയും ചെയ്യുന്നു. പക്ഷേ അവർ കഴിവുള്ളവരാണെന്ന് ഡിഫെൻഡറിന് ബോദ്ധ്യപ്പെടാത്തതുകൊണ്ട് ഡിഫെൻഡർ അവരെ വിമർശിക്കുന്നു. അതാണ് സംഗതി.

റീമാ അവാർഡുകൾക്ക് അർഹരായവരെ തിരഞ്ഞെടുക്കുന്നത് ജൂറിയാണെന്ന് മോനായി എഴുതിയത് വായിച്ചു. ഇത്തവണത്തെ ജൂറിമാരിൽ ഒരാളായ ഡോ.ജോർജ് സാമുവലിന് അദ്ദേഹംതന്നെ അവാർഡ് പ്രഖ്യാപിച്ചതിന്റെ ഗുട്ടൻസ് എന്താണു മോനായീ? റീമാ ഫൗണ്ടേഷന്റെ സെക്രട്ടറിക്ക് കഴിഞ്ഞ വർഷവും ഈ വർഷവും അവാർഡ് കൊടുത്തതിന്റെ പൊരുളും പിടികിട്ടുന്നില്ല. ഇക്കണക്കിന്, അടുത്തവർഷം മോനായിക്കും സാലിക്കും റീമാ അവാർഡ് ലഭിക്കാൻ ഇടയുണ്ട്.

''സ്നേഹിതരേ, നിങ്ങളിൽ ആർക്കും യാതൊരു പണച്ചെലവോ സമയനഷ്ടമോ ഇല്ലാത്ത ഈ നല്ല കാര്യത്തിൽ കുറ്റം പറയാതെയും വിമർശിക്കാതെയും സഹകരിക്കാൻ താല്പര്യമില്ലെങ്കിൽ മൗനമവലംബിച്ചെങ്കിലും ഇരുന്നുകൂടേ'' എന്ന് മോനായി ചോദിക്കുന്നു. മൗനം അവലംബിക്കാൻ പറ്റില്ല മോനായീ. ആരും അറിയാതെ, അത്യന്തം രഹസ്യമായിട്ടാണ് മോനായി അവാർഡ് കൊടുക്കുന്നതെങ്കിൽ ഡിഫെൻഡർ വിമർശിക്കയില്ല. പക്ഷേ പത്രത്തിൽ പരസ്യം ചെയ്ത് അവാർഡ് കൊടുത്താൽ അത് പൊതുതാല്പര്യമുള്ള വിഷയമാകും. വിമർശിക്കേണ്ട ആവശ്യമുണ്ടെന്നു കണ്ടാൽ വിമർശിക്കും. പരാതിപ്പെട്ടിട്ടു കാര്യമില്ല.

ഹേരോദാവ് സഹോദരന്റെ ഭാര്യയെ തട്ടിയെടുത്തപ്പോൾ യോഹന്നാൻ സ്നാപകന് പണനഷ്ടമോ സമയനഷ്ടമോ ഉണ്ടായില്ല. പക്ഷേ യോഹന്നാന് മിണ്ടാതിരിക്കാൻ കഴിഞ്ഞില്ല. ദാവീദ് നാഥാന്റെ ഭാര്യയെയല്ല തട്ടിയെടുത്തത്. നാഥാന് ഒരുവിധത്തിലുള്ള നഷ്ടവും ഉണ്ടായതുമില്ല. പക്ഷേ നാഥാൻ ദാവീദിനെതിരെ സംസാരിച്ചു. പരീശൻമാരും ശാസ്ത്രിമാരും നസ്രായനായ യേശുവിന്റെ പണമോ സമയമോ തട്ടിയെടുത്തില്ല. എന്നിട്ടും യേശു അവർക്കെതിരെ കഠിനമായി പ്രതികരിച്ചു. കൊരിന്തിലെ ദുഷ്ടൻ പൗലോസിന്റെ അപ്പന്റെ ഭാര്യയെയല്ല അവന്റെ സ്വന്തം അപ്പന്റെ ഭാര്യയെയാണ് വച്ചുകൊണ്ടിരുന്നത്. പൗലോസിന് പണമോ സമയമോ ഈ വകയിൽ നഷ്ടമായതുമില്ല. എന്നിട്ടും പൗലോസ് പ്രതികരിച്ചു. ദൈവദാസൻമാർ ഇങ്ങനെയാണ് മോനായീ, അവർ പ്രതികരിക്കും. അതുകൊണ്ട് ഡിഫെൻഡറിന് പ്രതികരിക്കാതിരിക്കാൻ പറ്റില്ല. മോനായിയുടെ അവാർഡ് വ്യവസായത്തിനെതിരെ പ്രതികരിക്കാതെ നിവൃത്തിയില്ല.

സഹോദരനോട് നിസ്സാരായെന്നു പറയരുതെന്നും മൂഢാ എന്നു വിളിക്കരുതെന്നും മറ്റും മോനായി പറഞ്ഞത് തികച്ചും ശരിയാണ്. പക്ഷേ സഹോദരനല്ലാത്തവനോട് ഇങ്ങനെയൊക്കെ പറയാം. ഉദാഹരണത്തിന്, ''സകല കപടവും സകല ധൂർത്തും നിറഞ്ഞവനേ, പിശാചിന്റെ മകനേ'' എന്ന് പൗലോസ് എലീമാസിനെ വിളിച്ചത് ശ്രദ്ധിക്കുക.

മോനായി ഡിഫെൻഡറിന്റെ സഹോദരനാണെങ്കിൽ നിസ്സാരായെന്നോ മൂഢാ എന്നോ ഡിഫെൻഡർ വിളിക്കാൻ പാടില്ല. പക്ഷേ മോനായി അക്ഷരാർത്ഥത്തിലോ ആത്മീയാർത്ഥത്തിലോ ഡിഫെൻഡറിന്റെ സഹോദരനല്ല. ഭോഷ്ക്കു പറയുന്നവൻ പിശാചിന്റെ മകൻ എന്ന് ദൈവവചനം പറയുന്നു. 2500 കോപ്പിയടിച്ചിട്ട് അഞ്ചുലക്ഷം വായനക്കാരെന്നുവരെ പറഞ്ഞ മോനായി ഭോഷ്ക്കിന്റെ പുത്രനാണെന്നതിന് സംശയമില്ലല്ലോ. അങ്ങനെയുള്ള വ്യക്തി ഡിഫെൻഡറിന്റെ സഹോദരനല്ല, ആകാൻ കഴിയുന്നതുമല്ല. അതുകൊണ്ട് നിയമത്തിന്റെ പരിധിയിൽ നിന്നുകൊണ്ട് ഡിഫെൻഡർ മോനായിയെ വിമർശിക്കും.

പത്രത്തെ ഫോർത്ത് എസ്റ്റേറ്റ് എന്നാണ് വിളിക്കുന്നത്. പത്രത്തിന്റെ പ്രാധാന്യം എത്രത്തോളമെന്ന് തെളിയിക്കുന്ന പ്രയോഗമാണിത്. ഇത്ര ശ്രേഷ്ഠമായതിനെയാണ് മോനായി സുഭാഷിതത്തിലൂടെ കൂത്തുകാഴ്ചയാക്കുന്നത്. മോനായി പത്രപ്രവർത്തനത്തെ വ്യഭിചരിക്കയാണ്. ഇതുകണ്ടുകൊണ്ട് മൗനമായിരിക്കാൻ ഡിഫെൻഡർ ശവമല്ല മോനായീ.

ഡിഫെൻഡർ വേറിട്ടൊരു പത്രമാണ്. കൺവെൻഷൻ വാർത്തയും മാസയോഗ വാർത്തയും നേതാക്കൻമാരുടെ അപദാനങ്ങളും കൊണ്ട് പേജുനിറക്കുന്ന പത്രമല്ല ഡിഫെൻഡർ. പരസ്യം കിട്ടാനായി ഒരുത്തന്റേയും ചെരുപ്പുനക്കാൻ ഡിഫെൻഡർ തയ്യാറല്ല. വ്യഭിചാരിയെ ക്രൈസ്തവരത്നമായി വാഴ്ത്തുന്ന നിലവാരത്തിലേക്ക് ഡിഫെൻഡർ തരം താഴുകയുമില്ല. സ്ഥാനമാനങ്ങൾക്കായി സ്വന്തം ഭാര്യയെ സഭാനേതാവിന് വിട്ടുകൊടുക്കുന്നവനെ ദൈവദാസനായോ സഹോദരനായോ കണക്കാക്കാൻ ഡിഫെൻഡർ തയ്യാറല്ല.

വല്ലവനുമെഴുതിയ പുസ്തകത്തിൽ നിന്നും എന്തെങ്കിലുമെടുത്ത് അവന്റെയൊക്കെ ഫോട്ടോ സഹിതം ഇട്ട് പത്രമിറക്കേണ്ട ഗതികേട് ഡിഫെൻഡറിനില്ല. ഡിഫെൻഡറിന്റെ എട്ടു പേജും മറ്റാരുടേയും സഹായം കൂടാതെ എഴുതാൻ ഡിഫെൻഡറിന്റെ പത്രാധിപർക്ക് കഴിയും. അതിനാവശ്യമായ വിദ്യാഭ്യാസവും വിവരവും ഡിഫെൻഡറിന്റെ പത്രാധിപർക്കുണ്ട്.

പെന്തക്കോസ്ത് ഉപദേശസത്യങ്ങൾക്കുവേണ്ടി നിലകൊള്ളുന്ന പത്രമാണ് ഡിഫെൻഡർ. അതുകൊണ്ട് പെന്തക്കോസ്ത് ഉപദേശത്തിനു വിരുദ്ധമായി പെരുമാറുന്ന നേതാക്കൻമാരെവരെ വിമർശിക്കുന്നു. സുഭാഷിതത്തിൽ വിമർശനമില്ലെന്നും വിസിറ്റിംഗ് റൂമിൽ ആർക്കും വായിക്കത്തക്കവിധം ഇടാൻ കൊള്ളാവുന്ന പത്രമാണതെന്നും മോനായി പറയുന്നു. ഒരു സംശയം: ബൈബിൾ മറ്റുള്ളവർ കാണത്തക്കവിധം വിസിറ്റിംഗ് റൂമിൽ ഇടാൻ പറ്റുന്ന പുസ്തകമാണോ മോനായീ? അതിൽ നിറയെ വിമർശനമാണല്ലോ. പട്ടി, പന്നി, വെള്ളയടിച്ച ചുവര്, സർപ്പസന്തതി എന്നൊക്കെയുള്ള ഭാഷയിൽ കടുത്ത വിമർശനമുള്ള പുസ്തകം. ദയവായി ഈ പുസ്തകംകൂടി വിസിറ്റിംഗ് റൂമിൽ നിന്നും മോനായി ഒഴിവാക്കണം.

ഡിഫെൻഡറിൽ വിമർശനമുണ്ട്, കടുത്ത വിമർശനം. യോഹന്നാൻ സ്നാപകനും കർത്താവും ശിഷ്യൻമാരും വിമർശനത്തിന് സ്വീകരിച്ച വാക്കുകൾ ഉപയോഗിച്ചുള്ള വിമർശനമാണ് ഡിഫെൻഡറിലുള്ളത്. ഡിഫെൻഡർ ആരും വിസിറ്റിംഗ് റൂമിൽ ഇട്ടില്ലെങ്കിലും വേണ്ടില്ല.

മോനായിയോട് ഡിഫെൻഡറിന് പറയാനുള്ളത് ഇതാണ്: ഡിഫെൻഡറിന് വ്യക്തമായ ലക്ഷ്യമുണ്ട്. ഒന്നാംലക്കം മുതൽ ഇന്നുവരെ ആ ലക്ഷ്യത്തിൽ നിന്ന് വ്യതിചലിച്ചിട്ടില്ല. വിശുദ്ധൻമാർക്ക് ഒരിക്കലായി ഭരമേല്പിച്ചിരിക്കുന്ന വിശ്വാസത്തിനായി പോരാടുകയാണ് ആ ലക്ഷ്യം. എന്തെല്ലാം എതിർപ്പുകളും ഭീഷണികളും ഉണ്ടായാലും ഡിഫെൻഡർ അവയെയൊക്കെ അവഗണിച്ചുകൊണ്ട് മുൻപോട്ടു പോകും. വെറുതെ കല്ലിൽ കടിച്ച് പല്ലുകളയേണ്ട മോനായീ.

തട്ടിപ്പും വെട്ടിപ്പും ഉപേക്ഷിച്ച് മാനംമര്യാദക്ക് ജീവിക്കാൻ മോനായി തീരുമാനിച്ചാൽ ഡിഫെൻഡറിനേക്കൊണ്ടുള്ള ശല്യം തീരും. അതല്ല, ഇന്നത്തേതുപോലെ തുടരാനാണ് ഭാവമെങ്കിൽ ഡിഫെൻഡറിന് ജോലിഭാരം കൂടും. ഏതുവേണമെന്ന് മോനായിതന്നെ തീരുമാനിക്കുക.

പെന്തക്കോസ്തിന്റെ സ്ഥിതി ഇന്ന് അതീവ ഗുരുതരമാണ്. നേതാക്കൻമാരിൽ ഭൂരിപക്ഷവും വ്യഭിചാരികളും തട്ടിപ്പുകാരുമാണ്. നേതാക്കൻമാർക്ക് സ്വന്തം ഭാര്യയെ കാഴ്ചവെച്ച് പണവും സ്ഥാനമാനങ്ങളും നേടുന്ന പാസ്റ്റർമാർ വരെയുണ്ട്. സത്യസുവിശേഷത്തിനു പകരം മാമ്മോന്റെ സുവിശേഷമാണ് കൺവെൻഷൻ സ്റ്റേജുകളിൽ മുഴങ്ങുന്നത്. വേർപാടിന്റെ ഉപദേശം കേട്ടുകേഴ്വിപോലുമില്ലാതായിരിക്കുന്നു. ഇതിനൊക്കെ എതിരെ പ്രതികരിക്കുന്നില്ലെങ്കിൽ പത്രം ഇറക്കിയിട്ടുതന്നെ കാര്യമില്ലെന്നാണ് ഡിഫെൻഡർ കരുതുന്നത്.

പക്ഷേ ഇതല്ല മോനായിയുടെ സ്ഥിതിയെന്നറിയാം. പെന്തക്കോസ്ത് ഉപദേശത്തിൽ മോനായിക്ക് വിശ്വാസമില്ല. വിശ്വാസസ്നാനത്തിനെതിരെ നിരന്തരം പ്രസംഗിച്ചു നടക്കുന്ന പി.പി.ജോബിന് അവാർഡ് കൊടുക്കാൻ മോനായിക്ക് ശങ്കതോന്നുന്നില്ല. സമുദായങ്ങളിലെ തിരുമേനിമാരുമായി കൈകോർക്കുന്നത് മാന്യതയായി മോനായി കണക്കാക്കുന്നു. രക്ഷിക്കപ്പെടുക എന്നാൽ എന്താണെന്നുപോലും അറിഞ്ഞുകൂടാത്തവരുമായി കൂട്ടുചേരാനും കൂട്ടായ്മ ആചരിക്കാനും മോനായിക്ക് രണ്ടുവട്ടം ആലോചിക്കേണ്ടതില്ല. പക്ഷേ വീണ്ടുംജനനം പ്രാപിച്ചവർക്ക് ഇങ്ങനെയൊന്നും ചെയ്യാൻ പറ്റില്ല മോനായീ.

എല്ലാം വിറ്റ് വിലയേറിയ മുത്തു വാങ്ങിയവന് ആ മുത്തെടുത്ത് അമ്മാനമാടാൻ പറ്റില്ല. അത് അവന്റെ സർവ്വസ്വവുമാണ്. അത് നഷ്ടമായാൽ അവൻതന്നെ ഇല്ലാതാകും. അതിന്റെ വില അവനറിയാം. രൂപയ്ക്ക് നാലെണ്ണം കിട്ടുന്ന ഗോലി വരിയോരത്തുള്ള കടയിൽ നിന്ന് വാങ്ങി കളിച്ചു നടക്കുന്ന കുട്ടികളോടൊപ്പം ഗോലി കളിക്കാനുള്ളതല്ല ഡിഫെൻഡറിന്റെ കൈവശമുള്ള വിലയേറിയ മുത്ത്. അതാണു മോനായീ നമ്മൾ തമ്മിലുള്ള വ്യത്യാസം.





RNI No. 68089 / 97
2007 October 1

# THE DEFENDER

REGISTERED
KL/ALY/0031/2006-08

# ഗുഡ്ന്യൂസ് ഇനിയെങ്കിലും വാക്കുമാറരുത്

ഗുഡ്ന്യൂസ് വീക്കിലി സെപ്റ്റംബർ 17ന് ഒരു നല്ല കാര്യം ചെയ്തു. ‘‘പാപത്തിനു നേരെ കണ്ണടക്കരുത്’’ എന്ന തലക്കെട്ടിൽ ഒരു മുഖപ്രസംഗം എഴുതി എന്നതാണ് ആ സൽപ്രവൃത്തി. അത് അത്രവലിയ കാര്യമാണോ എന്നു ചോദിച്ചാൽ ‘‘അതെ’’ എന്ന് തീർത്തുപറയാം. കാരണം, ഇത്തരമൊരു നിലപാട് ഗുഡ്ന്യൂസ് സ്വീകരിച്ചിരുന്നെങ്കിൽ പെന്തക്കോസ്ത് പണ്ടേ നന്നാകുമായിരുന്നു. മാത്രമല്ല, ഡിഫെൻഡർ എന്നൊരു പത്രം ഉണ്ടാകുമായിരുന്നുമില്ല.
ഗുഡ്ന്യൂസ് പറയുന്നു:

‘‘പാപത്തെ കർക്കശ ഭാഷയിൽ എതിർക്കുന്നതാണ് വേദപുസ്തക സ്വഭാവം. പാപത്തിനു മറ്റൊരു ഓമനപ്പേർ നൽകി താലോലിക്കുവാൻ ദൈവവചനം അനുവദിക്കുന്നില്ല. യേശുക്രിസ്തുവിനു മുന്നോടിയായി വന്ന യോഹന്നാൻ സ്നാപകന്റെ ഭാഷ തെറ്റുകൾക്കെതിരെ രൂക്ഷമായിരുന്നു. സമൂഹത്തെ ഇത്ര കഠിനപദങ്ങൾ ഉപയോഗിച്ചു വിമർശിക്കാമോ എന്നു നമുക്കു സംശയം തോന്നാം. പക്ഷേ, അതാണു ദൈവത്തിനു പാപത്തോടുള്ള സമീപനം. യേശുവിന്റെ ഉപദേശങ്ങളിൽ ഇതേമനോഭാവം പ്രകടമായിരുന്നു. പാപിയോടു കരുണയുള്ളവനാണ് കർത്താവ്. പക്ഷേ, അവരുടെ പാപത്തോട് യാതൊരു വിട്ടുവീഴ്ചയുമില്ല.’’

ഗുഡ്ന്യൂസ് പറയുന്നതിനോട് ഡിഫെൻഡർ തികച്ചും യോജിക്കുന്നു. സർപ്പസന്തതി, വെള്ളയടിച്ച ചുവര്, പിശാചിന്റെ മകൻ, കള്ളൻ, പട്ടി, പന്നി, കുറുക്കൻ തുടങ്ങിയ വാക്കുകളൊക്കെ ഡിഫെൻഡർ പെന്തക്കോസ്തിലെ കള്ളൻമാർക്കെതിരെ പ്രയോഗിക്കാറുണ്ട്. ഇവയൊക്കെ കർത്താവും ശിഷ്യൻമാരും അക്കാലത്തെ കള്ളൻമാർക്കെതിരെ ഉപയോഗിച്ചതുമാണ്. ഇങ്ങനെയൊക്കെ എഴുതുന്നത് മഹാപാപമാണെന്നത്രേ ഭൂരിപക്ഷം പെന്തക്കോസ്തുകാരും പറയുന്നത്. പക്ഷേ ഇങ്ങനെയൊക്കെയുള്ള പദങ്ങളാണ് ഉപയോഗിക്കേണ്ടതെന്ന് ഗുഡ്ന്യൂസ് പറയുന്നു. പെരുത്ത സന്തോഷമുണ്ട്.
ഗുഡ്ന്യൂസ് തുടരുന്നു:

‘‘വ്യഭിചാരത്തേക്കുറിച്ച് സഭയിൽ പഠിപ്പിക്കേണ്ടിവന്നാൽ കർത്താവ് എങ്ങനെ സഹിക്കും? അല്പംകൂടെ കടത്തിപ്പറഞ്ഞാൽ വേലക്കാരുടെ സമ്മേളനങ്ങളിൽ ഏഴാം കല്പനയുടെ ശിക്ഷയേക്കുറിച്ചു ക്ലാസ്സ് എടുക്കേണ്ടിവന്നാൽ ലോകം നമ്മോടു ക്ഷമിക്കുകയില്ല. മൺമറഞ്ഞ വിശുദ്ധൻമാർ നമ്മെ വെറുതെ വിടുകയില്ല.’’

സബാഷ് എന്നല്ലാതെ എന്താണ് പറയേണ്ടത്. ഇതാണ് സാറേ പത്രപ്രവർത്തനം. ഇങ്ങനെയാണ് പെന്തക്കോസ്ത് പത്രങ്ങൾ എഴുതേണ്ടത്. പരിശുദ്ധാത്മാവിന്റെ ശബ്ദമാണ് ഈ കേട്ടത്. തീർന്നില്ല.

‘‘ആര് ആരെ ഉപദേശിക്കും എന്ന ചോദ്യം ബാക്കിനിൽക്കുന്നു. പാപത്തിനെതിരെ പ്രസംഗിക്കാൻ കരുത്തുള്ള എത്ര സുവിശേഷകരുണ്ട്? സുവിശേഷകർക്കെതിരെ നടപടിയെടുക്കാൻ ധൈര്യമുള്ള എത്ര നേതാക്കളുണ്ട്? നേതാക്കൻമാർക്കെതിരെ വിരൽ ചൂണ്ടുവാൻ ബലമുള്ള എത്ര കൗൺസിലുകളുണ്ടിന്ന്?’’

ചോദ്യങ്ങൾ ഒന്നാംതരമായി. അക്കൂട്ടത്തിൽ ഒന്നുകൂടി വേണമായിരുന്നു: ‘‘പെന്തക്കോസ്തിലെ കള്ളൻമാർക്കെതിരെ പ്രതികരിക്കുവാൻ ധൈര്യമുള്ള എത്ര പത്രങ്ങളുണ്ട്?’’ ആ ചോദ്യം ഗുഡ്ന്യൂസ് ചോദിച്ചില്ല. ചോദിച്ചിരുന്നെങ്കിൽ ഡിഫെൻഡർ ഒഴികെ ഒരു പത്രവുമില്ല എന്ന മറുപടി പറയേണ്ടതായി വരുമായിരുന്നു.

പാപം ചെയ്യാത്തവൻ കല്ലെറിയട്ടെ എന്ന കല്പനയാണ് പ്രശ്നമായിരിക്കുന്നത്. വിശ്വാസികളുടെ പാപത്തിനെതിരെ പ്രതികരിക്കാൻ പാസ്റ്റർക്ക് പ്രാഗൽഭ്യമില്ല. പാസ്റ്ററെ ചോദ്യം ചെയ്യാൻ സെന്റർ പാസ്റ്ററുടെ നാവ് ഉയരുന്നില്ല. ദുർന്നടപ്പിൽ മുങ്ങിക്കുളിച്ചു നിൽക്കുന്ന നേതാക്കൻമാർക്ക് ആരേയും തിരുത്താൻ ധൈര്യമില്ല. എല്ലാ കള്ളൻമാരേയും പ്രീതിപ്പെടുത്തി പണമുണ്ടാക്കാൻ നടക്കുന്ന പത്രങ്ങൾക്ക് ഇതൊന്നും കാണാനുള്ള കണ്ണുമില്ല.

ഗുഡ്ന്യൂസ് ഉപസംഹരിക്കുന്നത് ഇങ്ങനെയാണ്:

‘‘പാപത്തെ പാപമെന്നു തന്നെയാണ് യേശു വിളിച്ചത്. പാപം ബലഹീനതയായി മാറില്ല. ഉപദേശം പഠിപ്പിക്കുന്നവൻ പാപം ചെയ്താൽ അതിനെ ബലഹീനത എന്നു പറഞ്ഞു തലോടി വീണ്ടും സഭയ്ക്കകത്തേക്കു കടത്തിവിടുന്നവരും കണ്ടില്ലെന്നു നടിക്കുന്നവരും ദൈവമക്കളല്ല. അവർ ദൈവരാജ്യം അവകാശമാക്കുകയില്ല. പാപത്തേക്കുറിച്ച് അനുതപിച്ചു കരയാം. മുഖം നോക്കാതെ ശിക്ഷണനടപടികൾ കൈക്കൊള്ളാം. സഭ നശിക്കാതിരിക്കുന്നതിനും ലോകത്തിൽ കൂത്തുകാഴ്ചയാകാതിരിക്കുന്നതിനും ചെറിയ ശസ്ത്രക്രിയയല്ല ഒരുപക്ഷേ കനത്ത വെട്ടിമാറ്റൽ തന്നെ വേണ്ടിവന്നേക്കാം. എങ്കിലും അതു ചെയ്തേ മതിയാകൂ.’’

സി.പി.മോനായി അവാർഡുകൾ വാരിവിതറി അവാർഡിന്റെ വില കളഞ്ഞുകുളിച്ചിരുന്നില്ലെങ്കിൽ ഈ മുഖപ്രസംഗം എഴുതിയ വ്യക്തിക്ക് ഡിഫെൻഡർ ഒരു അവാർഡ് കൊടുക്കുമായിരുന്നു. അത്രക്ക് നന്നായിരിക്കുന്നു ഈ എഡിറ്റോറിയൽ.

ഇത്രയുമൊക്കെ എഴുതാൻ ഗുഡ്ന്യൂസ് ധൈര്യം കാണിച്ചതിൽ അഭിനന്ദിക്കുന്നതോടൊപ്പം ഒരപേക്ഷകൂടി നടത്തുന്നു. ഇത് മുഖപ്രസംഗമാണ്. അതുകൊണ്ട് ഇത് പത്രത്തിന്റെ നിലപാടാണ്. ഇനി ഇതിൽനിന്ന് മാറരുത്. പെന്തക്കോസ്തിലെ പാപത്തിനെതിരെ, പാപികൾക്കെതിരെ, ശക്തിയായി പ്രതികരിക്കണം. മുഖം നോക്കാതെ വിമർശിക്കണം. സ്നാപകനും കർത്താവും മറ്റും ഉപയോഗിച്ചതുപോലുള്ള ഭാഷ പ്രയോഗിക്കണം. ഇങ്ങനെ ചെയ്യാൻ ഗുഡ്ന്യൂസ് തയ്യാറായാൽ പെന്തക്കോസ്ത് നന്നാകും.


# നിങ്ങളുടെ വീട്ടിലും വേണ്ടേ ഒരു ബൈബിൾ സ്ക്കൂൾ?

## വിഷയവിവരം:

| C.D. 1 - അടിസ്ഥാന വേദോപദേശങ്ങൾ | C.D. 2 - കൾട്ടുകൾ | C.D. 3 - ആത്മലോകം | C.D. 4 - ദുരുപദേശങ്ങൾ | C.D. 5 - ലോക മതങ്ങൾ |
|---|---|---|---|---|
| 1. രക്ഷ | 1. കൾട്ടിന്റെ ലക്ഷണങ്ങൾ | 1. അദൃശ്യലോകം | 1. ഉപദേശവും ദുരുപദേശവും | 1. മതങ്ങളുടെ ഉത്ഭവം |
| 2. വിശ്വാസസ്നാനം | 2. യഹോവാസാക്ഷികൾ | 2. കൃപാവരങ്ങൾ 1 | 2. വിശ്വാസത്തിന്റെ ആധാരം | 2. ഹിന്ദുമതം 1 |
| 3. പരിശുദ്ധാത്മസ്നാനം | 3. ശാബതുകാർ | 3. കൃപാവരങ്ങൾ 2 | 3. സ്വർഗ്ഗവും സ്വർഗ്ഗരാജ്യവും | 3. ഹിന്ദുമതം 2 |
| 4. ആത്മീയ കൂട്ടായ്മ | 4. പത്തു കല്പനകൾ | 4. ആത്മവിവശത | 4. പൗരോഹിത്യം | 4. പ്രജാപതിപ്രശ്നം |
| 5. തിരുവത്താഴം | 5. ബ്രൻഹാമിസം | 5. ദൈവദൂതൻമാർ | 5. കൂദാശകൾ | 5. ഇസ്ലാംമതം |
| 6. ദൈവവചനം | 6. റ്റി.പി.എം. | 6. സാത്താന്യ തന്ത്രങ്ങൾ | 6. കന്യാമറിയം | 6. ബുദ്ധമതം |
| 7. പ്രാർത്ഥന | 7. ക്രിസ്റ്റാഡെൽഫിയൻസ്, ക്രിസ്ത്യൻ സയൻസ് | 7. ഭൂതബാധ 1 | 7. വിശുദ്ധൻമാർ | 7. ജൈനമതം |
| 8. വേർപാട് | 8. മൊർമോൺ, ഫാമിലി, യൂണിഫിക്കേഷൻ ചർച്ച് | 8. ഭൂതബാധ 2 | 8. സെന്റ് തോമസ് | 8. സിക്ക് മതം |
| 9. അനുഭവസാക്ഷ്യം | 9. ആത്മാവ്, നരകം | 9. ഒക്കൾട്ട് | 9. പെരുന്നാളുകൾ | 9. സൊറവാസ്ട്രിയൻ മതം |
| 10. വിശ്വാസജീവിതം | 10. ത്രിത്വം | 10. വഞ്ചിക്കുന്ന പിശാച് | 10. വേർപെട്ട സഭകൾ | 10. സുവിശേഷീകരണം |

| C.D. 6 - വ്യാഖ്യാനശാസ്ത്രം | C.D. 7 - ഭാവികാലശാസ്ത്രം | C.D. 8 - ബൈബിളിൽ തെറ്റുണ്ടോ? | C.D. 9 - ദൈവശാസ്ത്രപരമായ പ്രശ്നങ്ങൾ | C.D. 10 - ധാർമ്മിക പ്രശ്നങ്ങൾ |
|---|---|---|---|---|
| 1. പഴയനിയമം 1 | 1. ഭാവികാലവും ബൈബിളും | 1. ഉല്പത്തി | 1. വെളിപ്പാടും അന്യമതങ്ങളും | 1. ആത്മാവിന്റെ പ്രമാണം |
| 2. പഴയനിയമം 2 | 2. മരണാനന്തര ജീവിതം | 2. കയീൻ മുതൽ ബാബേൽ വരെ | 2. മുൻനിർണ്ണയം | 2. വൈവാഹിക പ്രശ്നങ്ങൾ 1 |
| 3. പഴയനിയമം 3 | 3. യേശുവിന്റെ മടങ്ങിവരവ് | 3. അബ്രഹാമിന്റെ കാലം | 3. യേശുവും രക്ഷയും | 3. വൈവാഹിക പ്രശ്നങ്ങൾ 2 |
| 4. പഴയനിയമം 4 | 4. 70 ആഴ്ചവട്ടം | 4. രാജാക്കൻമാർ | 4. പ്രാർത്ഥനയും ആരാധനയും | 4. വൈവാഹിക പ്രശ്നങ്ങൾ 3 |
| 5. പുതിയനിയമം 1 | 5. ഏഴു സഭകൾ | 5. കാവ്യപുസ്തകങ്ങൾ | 5. സഭയിലെ ശുശ്രൂഷകർ | 5. കുടുംബജീവിതം |
| 6. പുതിയനിയമം 2 | 6. ഏഴു മുദ്രകൾ | 6. സുവിശേഷങ്ങൾ | 6. യഥാർത്ഥ ഉണർവ്വ് | 6. ട്രസ്റ്റുകളും സൊസൈറ്റികളും |
| 7. പുതിയനിയമം 3 | 7. മഹാപീഡനകാലം | 7. ശാസ്ത്രവും വെളിപ്പാടും | 7. പ്രായോഗിക പ്രശ്നങ്ങൾ | 7. മദ്യവും മയക്കുമരുന്നും |
| 8. പുതിയനിയമം 4 | 8. വെളിപ്പാട് 12, 13 | 8. പുതിയനിയമകാലം | 8. സുവിശേഷഘോഷണം | 8. രാഷ്ട്രീയവും മാദ്ധ്യമങ്ങളും |
| 9. പുതിയനിയമം 5 | 9. ബാബിലോൺ | 9. ബൈബിൾ അപൂർണ്ണമോ? | 9. വിവിധതരം ദൈവശാസ്ത്രങ്ങൾ | 9. ആഭരണപ്രശ്നം |
| 10. പുതിയനിയമം 6 | 10. ന്യായവിധികൾ | 10. ബൈബിളും ശാസ്ത്രവും | 10. സഭയും പ്രശ്നങ്ങളും | 10. സഭയും പീഡയും |

**MP3 ഫോർമാറ്റിലുള്ള ഓഡിയോ സി.ഡികൾ. ആകെ 10 സി.ഡികൾ.**

**ഓരോ സി.ഡിയിലും 10 മണിക്കൂർ ദൈർഘ്യമുള്ള ക്ലാസ്സ്. ആകെ ദൈർഘ്യം 100 മണിക്കൂർ**

വില: (ഇന്ത്യയിൽ) ഒരു സി.ഡി - 100 രൂപ. 10 സി.ഡികളുടെ സെറ്റ് - 900 രൂപ. പോസ്റ്റേജ് സൗജന്യം. വിദേശ രാജ്യങ്ങളിലേക്ക് സി.ഡികൾ സ്പീഡ് പോസ്റ്റിൽ അയയ്ക്കുന്നതാണ്. 10 സി.ഡികൾ - US$ 50 or Rs.2000/-. പോസ്റ്റേജ് സൗജന്യം. യു.എ.ഇ., സൗദി എന്നീ ഗൾഫ് രാജ്യങ്ങളിൽ സി.ഡി നേരിട്ട് എത്തിച്ചുകൊടുക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് tsbalan@yahoo.com എന്ന ഈമെയിലിൽ ബന്ധപ്പെടുക. ബഹ്റിൻ - ബ്രദർ ആൻഡ്രൂസ്: 39892236. മറ്റ് ഗൾഫ് രാജ്യങ്ങളിലുള്ളവർ 900 രൂപയും ഇന്ത്യയിലെ അഡ്രസ്സും അയയ്ക്കുക. **DVD** ആവശ്യമുള്ളവർ ആ വിവരം പ്രത്യേകം എഴുതേണ്ടതാണ്.

വില T.S.Balan എന്ന പേരിൽ ചെക്ക്/ഡി.ഡി./മണിയോഡർ ആയി താഴെ കാണുന്ന വിലാസത്തിൽ അയയ്ക്കുക.

**T.S.Balan, Anand Bhavan, Near: KSRTC, Perumbavoor P.O., Ernakulam. Pin. 683542**
**Ph: 0484-3232356, 9447414608**


Printed, Published and Owned by Anish Balan, Anand Bhavan, Perumbavoor P.O., Printed at: Perumbavoor Printers. Published at Anand Bhavan Perumbavoor. Editor: Anish Balan